# പ്രാദേശിക ഭരണവും
# ഭിന്നശേഷി സൗഹൃദ ഇടപെടലുകളും

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

മുളങ്കുന്നത്തുകാവ്.പി.ഒ, തൃശ്ശൂർ–680581

# ഉള്ളടക്കം

I. ആമുഖം

II. പ്രാദേശികസർക്കാരുകളും ഭിന്നശേഷി വിഭാഗങ്ങളുടെ വികസനവും

III. ഭിന്നശേഷിവിഭാഗങ്ങളുടെ പ്രത്യേക ഗ്രാമസഭ

IV. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖ

V. ഭിന്നശേഷി വിഭാഗക്കാർക്കായുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതിക**ൾ**

VI. മാനസികവെല്ലുവിളികൾ നേരിടുന്നവരുടെ നിയമം -നാഷണൽ ട്രസ്റ്റ് ആക്ട് 1999

# I

## ആമുഖം

**സ**ാമൂഹ്യനീതിയും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യം വച്ച് പ്രവർത്തിക്കുന്നവയാണ് നമ്മുടെ പ്രാദേശിക ഭരണകൂടങ്ങൾ. ജനങ്ങളോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണകൂടങ്ങൾ എന്ന നിലയിൽ ജനപങ്കാളിത്തത്തോടെയുള്ള ഭരണം ഉറപ്പ് വരുത്തുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്. സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളുൾപ്പടെ എല്ലാവർക്കും സാമൂഹ്യനീതി കൈവരിക്കുന്നതിനും തീരുമാനമെടുക്കൽ പ്രക്രിയയിലെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് സദ്ഭരണത്തെ നിർണയിക്കുന്ന പ്രധാന ഘടകം. അധികാരവികേന്ദ്രീകരണത്തിലൂടെ പങ്കാളിത്താസൂത്രണപ്രക്രിയയിൽ ഒരു ആഗോളമാതൃക സൃഷ്ടിക്കുന്നതിൽ കേരളം വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെയും പ്രാദേശിക പദ്ധതികളിലൂടെയും പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളായ എസ്.സി, എസ്.റ്റി, സ്ത്രീകൾ, മുതിർന്ന പൗരന്മാർ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ആവശ്യങ്ങളും അവകാശങ്ങളും നടപ്പിൽ വരുത്തുന്നതിൽ ഭരണകൂടങ്ങൾ പൂർണമായി വിജയിച്ചു എന്ന് പറയാനാകില്ല.

സമൂഹത്തിലെ മറ്റ് ജനവിഭാഗങ്ങളെ അപേക്ഷിച്ച് നിത്യജീവിതത്തിൽ വ്യത്യസ്തമായ വെല്ലുവിളികളെ നേരിടുന്നവരാണ് ഭിന്നശേഷിയുള്ളവർ. പ്രാദേശികതലത്തിലെ വികസന-ക്ഷേമ പ്രവർത്തനങ്ങളുടെ ആസൂത്രണ വേളയിൽ, ഭിന്നശേഷിക്കാർ നേരിടുന്ന പ്രശ്നങ്ങളേയും ആവശ്യങ്ങളേയും പ്രത്യേക ജാഗ്രതയോടെ പരിഗണിക്കേണ്ടത് ആവശ്യമാണ്.

ഭിന്നശേഷിയുള്ളവരുടെ വെല്ലുവിളികൾ മറ്റുള്ളവരിൽ നിന്നും വളരെ വ്യത്യസ്ഥവും അവയ്ക്ക് പ്രാദേശിക തലത്തിലെ വികസന പ്രവർത്തികളിൽ പ്രത്യേക പരിഗണന നൽകി പരിഹരിക്കേണ്ടവയുമാണ്. ഈ വിഭാഗത്തിന്റെ പ്രശ്നങ്ങളും പ്രത്യേക ആവശ്യങ്ങളും പദ്ധതി ആസൂത്രണപ്രക്രിയയിൽ ഉൾപ്പെടുത്തികൊണ്ട് അവരെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുക എന്നതാണ് തദ്ദേശഭരണസ്ഥാപനങ്ങളുടെ ലക്ഷ്യം.

### ഭിന്നശേഷി വിഭാഗങ്ങൾ ആരൊക്കെ

സാധാരണ മനുഷ്യർക്ക് പൊതുവെ നിർവ്വഹിക്കാൻ കഴിയുന്ന മാനസികവും ശാരീരികവും സാമൂഹികവുമായ പ്രവർത്തനങ്ങൾ അതേ വിധം നിർവ്വഹിക്കാൻ കഴിയാത്ത വിധം ശാരീരിക- മാനസിക-സാമൂഹിക ധർമ്മങ്ങൾക്ക് ഭാഗികമായോ മുഴുവനായോ നഷ്ടം സംഭവിക്കുന്ന അവസ്ഥയെ ഭിന്നശേഷി അഥവാ ശാരീരിക മാനസിക വെല്ലുവിളികൾ എന്നു പൊതുവെ പറയാം.

1995 ലെ ദേശീയ വികലാംഗ നിയമത്തിൽ (തുല്യ അവസരവും പൂർണ്ണ പങ്കാളിത്തവും അവകാശങ്ങളും സംരക്ഷിക്കുന്നതിനുള്ള) അന്ധത, ലഘുദൃശ്യത, ബധിരത, ചലന വൈകല്യങ്ങൾ, മാനസിക വെല്ലുവിളികൾ, മാനസികരോഗം, കുഷ്ഠരോഗ വിമുക്ത വൈകല്യങ്ങൾ എന്നിവയെയാണ് ഭിന്നശേഷി നിർവചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### പൊതു സമീപനം

ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള യു.എൻ.കൺവെൻഷനിൽ ഇന്ത്യയും ഒപ്പു വച്ചിട്ടുണ്ട്. ഭിന്നശേഷിയുള്ള എല്ലാ വ്യക്തികളും അടിസ്ഥാന സ്വാതന്ത്ര്യങ്ങളും, മനുഷ്യാവകാശങ്ങളും മറ്റുള്ളവർക്കൊപ്പം തുല്യമായി അനുഭവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അവരുടെ അന്തസ്സും ആഭി

ജാത്യവും  ബഹുമാനവും വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഈ കൺവെൻഷൻ ലക്ഷ്യമാക്കുന്നു. ഇന്ത്യൻ ഭരണഘടന ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ള എല്ലാ ജനങ്ങൾക്കും സമത്വം, സ്വാതന്ത്ര്യം, അന്തസ്സ്, നീതി എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. ഭിന്നശേഷിയുള്ള വ്യക്തികൾ രാജ്യത്തിന്റെ വിലമതിക്കാൻ കഴിയാത്ത മുതൽകൂട്ടാണെന്ന ദേശീയനയം തിരിച്ചറിയുന്നതിന്റെ ഫലമായി അവർക്ക്  ആവശ്യമായ ജീവിത സാഹചര്യം ഒരുക്കുന്നതിനും,  തുല്യാവകാശം പ്രദാനം ചെയ്യുന്നതിനും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു. അവരുടെ ക്രിയാത്മകമായ പ്രവൃത്തികൾ സമൂഹം ഉറ്റു നോക്കുന്നുണ്ട്.  എന്നാൽ ഇങ്ങനെയൊക്കെ നിയമങ്ങളും നയങ്ങളും  ഉണ്ടായിട്ടും ഭിന്നശേഷിയുള്ള വ്യക്തികൾ  ഇന്നും സമൂഹത്തിൽ പാർശ്വവത്കൃതരായി തന്നെ തുടരുന്നു.

2011 സെൻസസ് പ്രകാരം കേരളത്തിൽ 769980 ഭിന്നശേഷിക്കാർ ഉണ്ട്. ജനസംഖ്യയുടെ 2.3% ശതമാനത്തിലധികം പേർ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഭിന്നശേഷിയുള്ളവരാണെന്ന് കണക്കാക്കപ്പെടുന്നു. അതിൽ 1/3 ഭാഗം കുട്ടികളാണ്. ഇത് ഇന്ത്യൻ ശരാശരിയേക്കാൾ അല്പം കൂടുതലാണ്.  ഇന്ത്യൻ ജനസംഖ്യയിൽ 2.21 % ത്തോളം (2011 സെൻസസ്) ഭിന്നശേഷിയുള്ളവരാണ്. ഇതിൽ 48.5%  ത്തോളം പേർ കാഴ്ച്ചക്കോ കേൾവിക്കോ കോട്ടം സംഭവിച്ചവരും ശേഷിച്ചവരിൽ 17.8% പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണെന്നും കണക്കാക്കപ്പെടുന്നു. ചലനശേഷി കുറഞ്ഞവർ 27.9 % വും കേൾവി കുറവുള്ളവർ 5.8 % വരുന്നു. മൊത്തം ഭിന്നശേഷിക്കാർ 268 ലക്ഷം വരും.

2015 ഡിസെബിലിറ്റി സർവ്വേ പ്രകാരം കേരളത്തിൽ 7,93,937 (2.32% ) ഭിന്നശേഷിക്കാർ ഉണ്ട്. അതിൽ 438853 സ്ത്രീകളും 353895 പുരുഷന്മാരും 1189 പേർ ഭിന്നലിംഗക്കാരുമാണ്.

# II

## പ്രാദേശികസർക്കാരുകളും ഭിന്നശേഷി വിഭാഗങ്ങളുടെ വികസനവും

നമ്മുടെ സമൂഹം ഭിന്നശേഷിയുള്ള വ്യക്തികളെ സഹതാപപരമായി വീക്ഷിക്കുകയും, അവരുടെ പല വിധ പ്രശ്നങ്ങളും തിരിച്ചറിയുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. സാമൂഹിക വിവേചനങ്ങൾ അവരെ താഴ്ന്നവരായി തിരസ്ക്കരിക്കുകയും സമൂഹം അവരുടെ ശരിയായ സ്ഥാനം തിരിച്ചറിയുന്നതിന് അജ്ഞ രായി ഭവിക്കുകയും ചെയ്യുന്നു. ദേശീയനയം അവർക്കു വേണ്ട ശാരീരിക, വിദ്യാഭ്യാസ, സാമ്പത്തിക, പുന രധിവാസ വ്യവസ്ഥ ഉറപ്പു നൽകുന്നുണ്ടെങ്കിലും, രോഗനിർണയം, ചികിത്സ, വിദ്യാഭ്യാസം എന്നീ സംവിധാ നങ്ങൾ എന്നും ഭിന്നശേഷിയുള്ളവർക്ക് അപ്രാപ്യമാണ്. അതോടൊപ്പം തന്നെ സാമൂഹ്യസുരക്ഷ ഉൾപ്പടെ യുള്ള സഹായക സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്നതിൽ ഇപ്പോഴും വിടവുകൾ കാണാവുന്നതാണ്.

ഇതിനെല്ലാം ഉപരിയായി അവർക്കും അവരുടെ രക്ഷകർത്താക്കൾക്കും ഒത്തുചേരുന്നതിനും ചർച്ച ചെയ്യുന്ന തിനും, അവരുടെ വിഷമങ്ങൾ പങ്ക് വെയ്ക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്യുന്നതിനുമുള്ള പൊതു വേദിയുടെ അഭാവവും സമൂഹത്തിൽ പ്രകടമാണ്.

ഭിന്നശേഷിയുള്ള വ്യക്തിക്ക് എല്ലാ മേഖലയിൽ നിന്നുമുള്ള പിൻതുണയും സേവനങ്ങളും ആവശ്യമാണ്. ദേശീയനയം, ഭിന്നശേഷി അവകാശസംരക്ഷണപ്രവർത്തനങ്ങൾ, ഭിന്നശേഷിയുള്ളവരുടെ ഭൗതിക-മാനസി ക-സാമൂഹ്യമേഖലകളിലെ വികാസം എന്നിവയുടെ ഫലമായി ഭിന്നശേഷിയുള്ളവർ ക്കായുള്ള സേവന നിർവ്വഹണത്തിൽ ചിട്ടയായ പ്രവർത്തനങ്ങൾ ചില മേഖലകളിൽ കാണാൻ സാധിക്കുന്നുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് ഭിന്നശേഷികൾക്കുള്ള വ്യക്തികൾക്കായി ദേശീയ നയം നടപ്പിൽ വരുത്തുന്നതിനും അവ രുമായി ബന്ധപ്പെട്ട നിയമം നടപ്പിലാക്കുന്നതിനും വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കാൻ കഴിയും.

ത്രിതല പ്രാദേശികസർക്കാരുകളുടേയും, നഗരസഭകളുടേയും എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കൊണ്ടുള്ള വികസനം ഭിന്നശേഷിക്ഷേമത്തിന് അത്യന്താപേക്ഷിതമാണ്. സ്ഥിതിവിവരകണക്ക് ശേഖരണം വഴി ഇവരുടെ പ്രശ്നങ്ങൾക്കുള്ള പ്രതിവിധി കണ്ട് പിടിച്ച് ഇവരെ സംരക്ഷിച്ച് സമൂഹത്തിന്റെ മുഖ്യധാരയി ലേക്ക് കൊണ്ടുവന്ന് മറ്റുള്ളവരോടൊപ്പം ഇവർക്കുള്ള അവകാശങ്ങളും തുല്യതയും പ്രദാനം ചെയ്യുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് വളരെയധികം പങ്ക് വഹിക്കാനുണ്ട്. 1994ലെ കേരളപഞ്ചായത്ത് രാജ് നിയമ വും മുനിസിപ്പാലിറ്റി നിയമവും ഇവ സാക്ഷാത്ക്കരിക്കുന്നതിനുള്ള മാർഗങ്ങളാണ്. പ്രാദേശിക സർക്കാരു കൾക്ക് വേണ്ട സാങ്കേതിക വൈദഗ്ദ്ധ്യവും മാർഗനിർദ്ദേശങ്ങളും നല്കുക എന്നതാണ് ഇതുമായി ബന്ധ പ്പെട്ട വകുപ്പുകളുടെ ചുമതല. വികേന്ദ്രീകൃതഭരണത്തിന് തുടക്കമിട്ടത് മുതൽ 22 വർഷത്തിനിടെ തദ്ദേശഭര ണസ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ എത്രമാത്രം ഇടപെടലുകൾ ഇവരുടെ ക്ഷേമത്തിനായി നൽകാൻ കഴിഞ്ഞു എന്നുള്ളത് ഇത്തരത്തിൽ വിലയിരുത്തേണ്ടതുണ്ട്.

പ്രാദേശിക സർക്കാരുകളുടെ ആവിർഭാവത്തോടെ ഒമ്പതാം പദ്ധതി മുതൽ പ്രത്യേക വിഭാഗങ്ങൾക്കുള്ള പരിഗണന ഇവർക്ക് നൽകി വരുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് വഴി നല്കിയിരുന്ന വികലാംഗപെൻഷൻ

ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൈമാറി. ഒമ്പതാം പദ്ധതിയിൽ എല്ലാ പ്രോജക്ടുകളിലും 3% ഗുണഭോക്താക്കളെങ്കിലും ഭിന്നശേഷിയുള്ളവരായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ നിർബന്ധമായി ഒരു തുകയും ഭിന്നശേഷിയുള്ളവർക്കായി ഒമ്പതാം പദ്ധതിയിൽ നീക്കിവച്ചിരുന്നില്ല. പത്താം പദ്ധതി മുതലാണ് (2002-07) ഭിന്നശേഷിയുള്ളവർക്കായി മൊത്തം വികസനഫണ്ടിന്റെ മിനിമം 5% തുക ശിശു, വൃദ്ധ, ഭിന്നശേഷി വിഭാഗങ്ങൾക്കായി മാറ്റി വെക്കണമെന്ന് ആസൂത്രണ മാർഗരേഖയിൽ നിഷ്കർഷിച്ചത്. ഇതിൻ പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായി ഉപകരണങ്ങൾ വാങ്ങി നല്കിയിരുന്ന പ്രവർത്തനം പ്രാദേശികസർക്കാരുകൾ ഏറ്റെടുത്തു. എന്നാൽ അപ്പോഴും മാനസികവെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിരുന്നില്ല. അതിൻ പ്രകാരം ജി.ഒ.(എം.എസ്) 36/2004/plg dt 29.3.2004 സർക്കാർ ഉത്തരവു പ്രകാരം ഭിന്നശേഷിയുള്ളവരുടെ വികസനത്തിനായി ഒരു മാർഗ്ഗരേഖ ആദ്യമായി ഇറക്കി.

11-ാം പദ്ധതി മുതലാണ് പ്രാദേശിക സർക്കാരുകൾക്ക് ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് മാർഗ നിർദ്ദേശങ്ങളും ഫണ്ടുകളും ലഭ്യമായി തുടങ്ങിയത്. ഇതനുസരിച്ച് 5% മിനിമം വികസന ഫണ്ട് കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവർക്കായി മാറ്റിവെയ്ക്കുന്നതിന് പുറമെ 3% ഗുണഭോക്താക്കൾ എല്ലാ കേന്ദ്രാവിഷ്കൃതപരിപാടികളിലും തദ്ദേശസ്വയംഭരണപദ്ധതികളിലെ വ്യക്തിഗത ആനുകൂല്യങ്ങളിലും (മാർഗ്ഗരേഖ 8.1) കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ, എന്നിവ അനുവദിക്കുന്നതിലും ഭിന്നശേഷിയുള്ളവർ ആയിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. ഇവർക്കായുള്ള പദ്ധതികളിൽ പ്രധാന ചുവട് വെയ്പ്പായിരുന്നു ബഡ്സ് സ്ക്കൂളുകൾ. പ്രത്യേകിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ സാമൂഹ്യതലത്തിൽ ഏറ്റെടുക്കുന്നതിനുള്ള ഉണർവ് 12-ാം പഞ്ചവത്സര പദ്ധതി കാലയളവിലാണ് തുടങ്ങിയത്. ആദ്യം പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ ബഡ്സ് സ്ക്കൂളുകൾ ഗ്രാമപഞ്ചായത്ത് തലത്തിലേക്കും വ്യാപിക്കാൻ തുടങ്ങി.

## ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര പരിപാടി തയ്യാറാക്കൽ

പ്രാദേശിക സർക്കാരുകൾക്ക് ഭിന്നശേഷിയുള്ളവരുടെ എല്ലാ പ്രശ്നങ്ങളിലും ഇടപെടുന്നതിനുള്ള അധികാരം ഉണ്ട്. ആദ്യ പടിയായി ഇവരുടെ സ്ഥിതി വിവരകണക്കുകൾ പഠനം നടത്തി മനസ്സിലാക്കണം. അംഗവൈകല്യം, കേൾവി വൈകല്യം, കാഴ്ചയില്ലാത്തവർ, വിവിധ മാനസിക വെല്ലുവിളികൾ നേരിടുന്നവർ (ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൽസി, ഓട്ടിസം, ബഹുവൈകല്യം) എന്നിവ തരംതിരിച്ച് അവരുടെ ആരോഗ്യ, വിദ്യാഭ്യാസ പുനരധിവാസ പ്രശ്നങ്ങൾ മനസ്സിലാക്കണം. വൈകല്യങ്ങൾക്ക് കാരണങ്ങൾ കണ്ടെത്തേണ്ടതും പരിഹാരനടപടികൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതും വിവിധ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കേണ്ടതും തദ്ദേശഭരണസ്ഥാപനങ്ങളാണ്. അവരുടെ പ്രത്യേക ആവശ്യങ്ങളും പ്രശ്നങ്ങളും കണ്ടെത്തുന്നതിനായി പ്രത്യേക ഗ്രാമസഭകൾ ചേരേണ്ടതാണ്. അവരുടെ ഓരോ പ്രശ്നവും അയൽസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ് വരേണ്ടതും അവ വാർഡ് വികസന സമിതി, ഗ്രാമസഭകൾ, പ്രത്യേക ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റികൾ പഞ്ചായത്ത് എന്നിവയുടെ പരിശോധനകൾക്കും മുൻഗണനകൾക്കും വിധേയമാക്കേണ്ടതുമാണ്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത സ്കീമുകൾ, എം.പി, എം.എൽ.എ വികസനഫണ്ട് എന്നിവ ഉപയോഗിച്ച് ചെയ്യാവുന്ന പ്രവർത്തനങ്ങൾ, സന്നദ്ധസംഘടന

കൾക്ക് ഏറ്റെടുത്തു ചെയ്യാവുന്നവ എന്നിവ സമഗ്ര പരിപാടിയായി ആവിഷ്ക്കരിക്കേണ്ടതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുതലത്തിൽ ചർച്ചകൾ, പദ്ധതിപ്രവർത്തനങ്ങളുടെ ഏകോപനം അവലോകനം എന്നിവ അനിവാര്യമാണ്. ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായുള്ള നിയമ ഭേദഗതികളും ഇത് വഴി നിർദ്ദേശിക്കാവുന്നതാണ്. പൊതുസ്ഥലങ്ങൾ, യാത്രാവാഹനങ്ങൾ, ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വീടുകൾ മുതലായവയിൽ ഇവർക്കായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിയമ നിർമ്മാണവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. ഇന്ന് ചുരുക്കം നിയമ നിർമ്മാണങ്ങളെ ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളു. ഉദാ. കെട്ടിട നിർമ്മാണ ചട്ടങ്ങൾ, വാഹനങ്ങളിലെ റിസർവേഷൻ, ജോലി സംവരണം മുതലായവ. തദ്ദേശഭരണസ്ഥാപനങ്ങളിലെ സേവന പ്രദാന മേഖലകളിൽ ഭിന്നശേഷിയുള്ളവർക്കായി പ്രത്യേക സംവിധാനങ്ങൾ ഒരുക്കേണ്ടതും അങ്ങനെ സേവന മേഖലയിലെ വിവേചനം ഇല്ലാതാക്കുന്നതിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ട്.

മെഡിക്കൽ ക്യാമ്പുകൾ, പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തൽ, പ്രീ-സ്കൂൾ മുതൽ ബഡ്സ് സ്കൂൾ വരെയുള്ള സംവിധാനങ്ങൾ ലഭ്യമാക്കൽ, ഓരോ വ്യക്തിയുടേയും പുനരധിവാസത്തിനുള്ള സംവിധാനങ്ങൾ ഉറപ്പു വരുത്തൽ (എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ) പെൻഷനുകൾ, ഇൻഷുറൻസ്, കേന്ദ്ര-സംസ്ഥാന സ്കീമുകൾ എന്നിവ ഉപയോഗപ്പെടുത്തി സമഗ്ര പരിപാടി തയ്യാറാക്കേണ്ടതാണ്. ഭിന്നശേഷിക്കാരുടെ വികസനത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങളെയും ഈ സമഗ്ര പരിപാടിയിൽ ഉൾപ്പെടുത്തണം.

കുടുംബകേന്ദ്രീകൃത രീതിയിൽ പ്രോജക്ട് തയ്യാറാക്കാവുന്നതാണ് (ആശ്രയമോഡൽ). എന്തെന്നാൽ ഭിന്നശേഷിയുള്ളവരുടെ കുടുംബങ്ങളിലെ ഓരോ അംഗത്തിനും ബോധവൽക്കരണവും കൗൺസിലിംഗും പരിചരണവും ആവശ്യമായി വരുന്നതാണ്. കേന്ദ്ര-സംസ്ഥാന സ്കീമുകളുടെ ഗുണഭോക്താക്കൾ എല്ലാം തന്നെ പ്രാദേശിക സർക്കാരുകളുടെ ഗുണഭോക്താക്കൾ കൂടി ആയതിനാൽ പരസ്പരം ഏകോപനവും സംയോജനവും ചർച്ചയും അനിവാര്യമാക്കി പാഴ്ചെലവും ഇരട്ടിപ്പും ഒഴിവാക്കി പ്രാദേശിക സർക്കാരുകൾ വഴി തന്നെ പദ്ധതി നിർവ്വഹണവും നടത്തേണ്ടതായിട്ടുണ്ട്. സമഗ്ര പരിപാടി തയ്യാറാക്കുന്ന വേളയിൽ തന്നെ വിവിധ സ്കീമുകളെക്കുറിച്ചുള്ള അവബോധവും ഏകോപന-സംയോജന സാധ്യതകളും ഉറപ്പാക്കേണ്ടതുണ്ട്. ഇപ്രകാരം ഭിന്നശേഷിയുള്ളവർക്കായുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും ചെയ്യേണ്ടത്പ്രാദേശിക സർക്കാരുകളുടെ ചുമതലയാണ്. കൂടാതെ അവരുടെ സംരക്ഷണത്തിനുള്ള പ്രത്യേക നിയമങ്ങൾ പ്രയോജനപ്പെടുത്തേണ്ടതും ആവശ്യമാണ്.

**ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക പദ്ധതി**

12-ാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഭിന്നശേഷിക്കാരുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് വികസനഫണ്ടിൽ നിന്നുള്ള നിർബന്ധിത വകയിരുത്തലുകളിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിട്ടുവന്നവർക്ക് സ്കോളർഷിപ്പും ബത്തയും നല്കുന്നതിനുള്ള തുക ഉറപ്പാക്കിയിച്ചുണ്ട്.. ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പുനരധിവാസ-വികസന പരിപാടികളും ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.7.2009 ലെ സ.ഉ (എം.എസ്) നമ്പർ 148/2009 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബഡ്സ് സ്ക്കൂളുകളും തദ്ദേ

ശസ്വയംഭരണ വകുപ്പിന്റെ 6.4.2013 ലെ സ.ഉ (എം.എസ്) നമ്പർ 144/2013 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും സ്ഥാപിച്ച് നടത്താവുന്നതാണ്.

കാര്യക്ഷമത കൂട്ടുന്നതിനും പാഴ്ചെലവും ഇരട്ടിപ്പും ഒഴിവാക്കുന്നതിനും വികസന സ്കീമുകൾ ഓരോ വിഭിന്നശേഷിക്കാരനിലും ആവശ്യങ്ങൾ കണ്ടറിഞ്ഞ് എത്തിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് മാത്രമെ കഴിയു. വികേന്ദ്രീകൃതഭരണം ഇതിനുള്ള അവസരം ഒരുക്കിയിട്ടുണ്ടെന്നു് നിസംശയം പറയാം.

**കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കായുള്ള പ്രത്യേക പദ്ധതി.**

i. മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിന്റെയും പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ഓരോ വിഭാഗത്തിനും പ്രത്യേകമായി പദ്ധതികൾ തയ്യാറാക്കണം. ഖണ്ഡിക 8 (ശശ) ൽ പറഞ്ഞ പ്രകാരം ഫണ്ട് വകയിരുത്തി പറഞ്ഞമൂന്ന് വിഭാഗങ്ങൾക്കും പ്രത്യേകമായി പദ്ധതി തയ്യാറാക്കി പദ്ധതിരേഖയിൽ ചേർക്കേണ്ടതാണ്.

ii. കുട്ടികളുടെ കലാ-കായിക-മാനസിക-സാംസ്കാരിക-പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ബാല പഞ്ചായത്ത്, ബാലസഭ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ കുടുംബശ്രീ മാനദണ്ഡങ്ങൾക്ക് വിധേയമായി, കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ബാലപഞ്ചായത്ത്/ബാലസഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും ഒരു വർഷം 35000 രൂപവരെ വിനിയോഗിക്കാവുന്നതാണ്. അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, അങ്കണവാടി പോഷകാഹാര വിതരണം എന്നിവ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതിയിലെ ഇനങ്ങളായി ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടം നിർമ്മിക്കാവുന്നതാണ്.

iii. എല്ലാ സർക്കാർ സ്കൂളുകളിലും പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും എണ്ണത്തിനനുസൃതമായി ഓരോ വിഭാഗത്തിനും പ്രത്യേകം മൂത്രപ്പുര, കക്കൂസ് എന്നിവയും മതിയായ അളവിൽ വെള്ളം ലഭ്യമാക്കാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്. മറ്റ് വിദ്യാലയങ്ങളിലും ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളും നടത്തേണ്ടതാണ്.

iv. കുട്ടികളിലുണ്ടാകാനിടയുള്ള വൈകല്യങ്ങൾ നേരത്തേ കണ്ടുപിടിച്ച് അതിന്റെ ആഘാതം ഇല്ലാതാക്കാനോ ലഘൂകരിക്കാനോ വേണ്ട നടപടികൾ ആരോഗ്യ സ്ഥാപനങ്ങളിലൂടെ നടത്തേണ്ടതാണ്. District Early Intervention Center ന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും വിപുലപ്പെടുത്താനും ജില്ലാപഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

v. തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളും ബാലസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

vi. കുട്ടികളുടെ ഉല്ലാസത്തിനും കായിക വികസനത്തിനും സാധ്യമാകുന്ന പാർക്കുകൾ, കളിസ്ഥലങ്ങൾ മുതലായവ സ്ഥാപിക്കേണ്ടതാണ്. കൂടാതെ സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെയും കായിക പരിശീലനങ്ങൾ നൽകാവുന്നതാണ്.

vii. കുട്ടികളുടെ സമഗ്ര വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതാണ്.

viii വയോജന നയത്തിനും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ, വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ix. ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പനരധിവാസ-വികസന പരിപാടികളും ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.7.2009ലെ (എം.എസ്.) നമ്പർ 148/2009 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 6.4.2013ലെ (എം.എസ്.) നമ്പർ 144/2013 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും സ്ഥാപിച്ച് നടത്താവുന്നതാണ്.

x. ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകുന്നതിന് വേണ്ടിയുള്ള ആവശ്യകതാ നിർണ്ണയ ക്യാമ്പ് ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥപനങ്ങൾ നടത്തി ഓരോ ഇനം ഉപകരണവും ആവശ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അയൽസഭയുടെ ശുപാർശയോടെ ഗ്രാമസഭ/വാർഡ്സഭ അംഗീകരിക്കണം. ഇങ്ങനെ അംഗീകരിച്ച് വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാൻ ഓർഡർ നൽകാവു.

xi. ഒരിക്കൽ ഉപകരണം നൽകിയവർക്ക് ആ ഉപകരണത്തിന്റെ ഉപയോഗ കാലാവധി കഴിയും മുമ്പ് വീണ്ടും ഉപകരണം നൽകാൻ പാടില്ല. ആവശ്യകതാ നിർണ്ണയഘട്ടത്തിൽ ഇക്കാര്യം കൂടി പരിശോധിച്ചായിരിക്കണം ലിസ്റ്റ് തയ്യാറാക്കേണ്ടത്.

xii. ഉപകരണങ്ങളുടെ ആവശ്യകതാ നിർണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത് സർക്കാർ സർവ്വീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ആയിരിക്കണം.

xiii. ഗ്രാമപ്രദേശങ്ങളിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും ഗ്രാമപഞ്ചായത്തുകൾ നൽകണം. അതിനാൽ ഉപകരണ വിതരണം ഗ്രാമപഞ്ചായത്തുകൾ നടത്താവുന്നതല്ല. ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് നൽകുന്ന ലിസ്റ്റ് പ്രകാരം ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.

**ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക പദ്ധതി തയ്യാറാക്കൽ ഘട്ടങ്ങൾ**

തദ്ദേശതല പ്രത്യേകവികസന സമിതി യോഗം കൂടി

പ്രശ്നഅപഗ്രഥനം, പരിഹാരനിർദ്ദേശങ്ങൾ

↓

വാർഡ്തലത്തിൽ പ്രത്യേകഗ്രാമസഭകൾ (തീരുമാനങ്ങൾ , നിർദ്ദേശങ്ങൾ)

↓

തദ്ദേശതല പ്രത്യേക വികസനസമിതി

↓

പൊതു ഗ്രാമസഭകൾ

↓

തദ്ദേശതലപ്രത്യേക വികസന സമിതി (ക്രോഡീകരണം)

↓

വർക്കിംഗ് ഗ്രൂപ്പുകൾ

↓

സ്റ്റാന്റിംഗ് കമ്മിറ്റികൾ

↓

ഭരണ സമിതി

↓

പദ്ധതി അംഗീകാരം (ഡിപിസി)

↓

നിർവ്വഹണം

↓

- വകുപ്പുതല ഘടകസ്ഥാപനങ്ങൾ
- എൻജിഒ, പൊതുമേഖലാസ്ഥാപനങ്ങൾ അക്രഡിറ്റഡ് / അംഗീകൃത ഏജൻസി
- ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, മേൽത്തട്ട് നിർദ്ദേശങ്ങൾ/ സംയോജിത പ്രോജക്ടുകൾ

# III

## ഭിന്നശേഷിവിഭാഗങ്ങളുടെ പ്രത്യേക ഗ്രാമസഭ

12-ാം പഞ്ചവത്സര പദ്ധതി മാർഗ നിർദ്ദേശത്തിൽ **(സ.ഉ (എം.എസ്) നം 4/2016 തസ്വഭവ തീയതി 11/01/2016)** ഓരോ വർക്കിംഗ് ഗ്രൂപ്പും ആ മേഖലയുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡർമാരുടെ യോഗത്തിൽ വാർഷികപദ്ധതികൾ ചർച്ച ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഗ്രാമസഭക്ക് മുമ്പായി കുട്ടികൾ, യുവജനങ്ങൾ, വൃദ്ധർ, വികലാംഗർ മുതലായ വിഭാഗങ്ങൾക്കായി വർഷത്തിൽ ഒരു പ്രത്യേക ഗ്രാമസഭ കൂടേണ്ടതാണെന്നും മാർഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്. ഭിന്നശേഷിയുള്ള വ്യക്തികളോടുള്ള സമൂഹത്തിന്റെ അവഗണനയും പൊതു ഗ്രാമസഭ അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ചർച്ച ചെയ്യുന്നതിൽ കാണിക്കുന്ന അലംഭാവവും ഭിന്നശേഷിയുള്ളവരുടെ പ്രതിനിധികൾ പൊതുസഭയിൽ പങ്കെടുക്കാത്തതു മൂലവും അവരുടെ ആകുലതകൾ പുറത്തുവരാതെ തുടരുന്നു. ഇവരുടെ പ്രത്യേക പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും അവരുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനുമുള്ള പ്രത്യേക ഗ്രാമസഭകൾ സംഘടിപ്പിക്കേണ്ടതുണ്ട്. പ്രാദേശിക ഭരണത്തിൽ അവരുടെ താല്പര്യം ഉണർത്തുന്നതിനും ഒരു വിശാല ലോകം തുറക്കുന്നതിനും ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ഗ്രാമസഭകൾക്ക് സാധിക്കും..

### പങ്കാളികൾ

ഭിന്നശേഷിയുള്ള എല്ലാ വ്യക്തികളും പ്രത്യേക സാഹചര്യങ്ങളിൽ പ്രതിനിധികളും താഴെ പറയുന്ന രീതിയിൽ പങ്കാളികളാകേണ്ടതാണ്.

| ഭിന്നശേഷി വിഭാഗം/തരം | പങ്കെടുക്കാൻ അർഹതപ്പെട്ടവർ |
|---|---|
| **ചലനവൈകല്യം** | **ഭിന്നശേഷിയുള്ള വ്യക്തി** |
| **ഇന്ദ്രിയ സംവേദന പരിമിതി**<br>**– അന്ധർ**<br>**– ബധിരർ**<br>**– മൂകർ** | **ഭിന്നശേഷിയുള്ള വ്യക്തി** |
| **ബൗദ്ധിക പരിമിതി**<br>**– ബുദ്ധിമാന്ദ്യം**<br>**– ഓട്ടിസം**<br>**– സെറിബ്രൽ പാൾസി**<br>**– ബഹുമുഖ വൈകല്യം** | **ഭിന്നശേഷിയുള്ള വ്യക്തി/രക്ഷകർത്താവ്** |
| **മാനസികരോഗം** | **നിയമപരമായ രക്ഷാകർത്താവ്** |

ഭൗതിക പരിമിതിയുള്ള വ്യക്തികളും, മാനസികവെല്ലുവിളികൾ നേരിടുന്നവരും അവരുടെ പ്രശ്നങ്ങൾ പൂർണ്ണമായി ചർച്ച ചെയ്യുവാൻ സാധിക്കാത്തതുകൊണ്ടും അവരുടെ സംരക്ഷകരായിട്ടുള്ളവരെ ഗ്രാമസഭകളിൽ ഉൾപ്പെടുത്തേണ്ടതാണ്. തദ്ദേശഭരണസ്ഥാപനത്തിലെ എല്ലാ ജനപ്രതിനിധികളും പ്രത്യേക ഗ്രാമസഭയിൽ പങ്കെടുക്കണം.

### പ്രത്യേക ക്ഷണിതാക്കൾ

1. ഭിന്നശേഷിയുള്ളവരുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമുള്ള സ്ഥാപനങ്ങളിലെ പ്രതിനിധികൾ
2. തദ്ദേശഭരണ സ്ഥാപന പരിധിക്കുള്ളിൽ ജീവിക്കുന്ന വ്യത്യസ്ത ഭിന്നശേഷിക്കാരുടെ സംഘടനകളുടെ ഓരോ പ്രതിനിധി
3. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആശാ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, പാലിയേറ്റീവ് നഴ്സ്, സി.ബി.ആർ വർക്കേഴ്സ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ.

### ഉദ്ദേശ്യം

* ഭിന്നശേഷിയുള്ളവർക്ക് ഒരുമിച്ചു കൂടുവാൻ ഒരു പൊതുവേദി
* ഭിന്നശേഷിയുള്ള വ്യക്തികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ചർച്ച ചെയ്യുകയും പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക.
* ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള സേവനങ്ങളും പദ്ധതികളും ചർച്ച ചെയ്യുകയും ലഭ്യമാക്കുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക
* ഭിന്നശേഷിയുള്ള വ്യക്തികളുടെ ദീർഘകാല വികസനത്തിനും, പുനരധിവാസത്തിനും വേണ്ടി സമഗ്ര പദ്ധതിയ്ക്ക് രൂപം നൽകുക.
* പ്രാദേശിക ഭരണത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഭിന്നശേഷിയുള്ളവരോട് ഒരു സുഹൃത്തെന്ന പോലെയുള്ള സമീപനം സ്വീകരിക്കുന്നതിനായി പ്രവർത്തിക്കുക

### പ്രത്യേക ഗ്രാമസഭയുടെ ആസൂത്രണം

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള പ്രത്യേക ഗ്രാമസഭ ചേരുന്നത് തീരുമാനിക്കുന്നതും സംഘടിപ്പിക്കുന്നതും പഞ്ചായത്ത് ഭരണസമിതി ആണ്. അജണ്ട, തീയതി, സ്ഥലം എന്നിവയെക്കുറിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുന്നു.

### അദ്ധ്യക്ഷൻ

ഗ്രാമസഭാ യോഗത്തിൽ പ്രാദേശിക സർക്കാരിന്റെ ചെയർപേഴ്സൺ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡണ്ട് /വൈസ് ചെയർമാൻ ആ ചുമതല നിർവഹിക്കുന്നു.

### കൺവീനർ

ഗ്രാമസഭ (വാർഡ് തലം) കൺവീനർ വാർഡ് മെമ്പർ ആയിരിക്കും.

### കോർഡിനേറ്റർ

പ്രത്യേക ഗ്രാമസഭയുടെ (വാർഡ്) കോർഡിനേറ്റർ അങ്കണവാടി വർക്കറോ തദ്ദേശഭരണസമിതി തീരുമാനിക്കുന്ന ഫംഗ്ഷനറിയോ ആയിരിക്കും. പ്രത്യേക ഗ്രാമസഭയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും കൺവീനറെ കോർഡിനേറ്റർ സഹായിക്കേണ്ടതാണ്.

### ഫെസിലിറ്റേറ്റർ

പ്രത്യേക ഗ്രാമസഭ ഫലപ്രദമാക്കുന്നതിന് ഗ്രൂപ്പ് വർക്കുകളിൽ സജീവമായി പങ്കെടുക്കാൻ കഴിവുള്ളവരെ ഫെസിലിറ്റേറ്റർമാരായി നിശ്ചയിക്കാവുന്നതാണ്.

### ഉദ്യോഗസ്ഥരുടെ പങ്കാളിത്തം

പ്രസിഡണ്ട് /ചെയർപേഴ്സൺ/മേയർ ആവശ്യപ്പെടുന്നതനുസരിച്ച് പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏതൊരുദ്യോഗസ്ഥനും ഗ്രാമസഭാ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

### പ്രത്യേക ഗ്രാമസഭയുടെ കാലാവധി

ഭിന്നശേഷിയുള്ളവരുടെ പ്രത്യേക ഗ്രാമസഭ വർഷത്തിൽ ഒരു തവണയെങ്കിലും കൂടിയിരിക്കണം. പൊതുഗ്രാമസഭക്ക് 15 ദിവസമെങ്കിലും മുമ്പായി കൂടുന്നതാണ് അഭികാമ്യം.

### വേദി, തീയതി, സമയം

പ്രാദേശിക സർക്കാരിന്റെ കമ്മിറ്റി തീരുമാനിക്കുന്ന തീയതിയിലും സമയത്തും സ്ഥലത്തും ഗ്രാമസഭ ചേരേണ്ടതാണ്. പങ്കെടുക്കുന്നവരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി ഭിന്നശേഷി

വിഭാഗക്കാർക്ക് അനുയോജ്യമായ ഒരു സ്ഥലം തിരഞ്ഞെടുക്കുകയും ഒരു അവധി ദിവസത്തിലോ ആഴ്ചയുടെ അവസാനത്തിലോ ഗ്രാമസഭ കൂടുകയും ചെയ്യേണ്ടതാണ്.

### ചർച്ചക്കുള്ള സമയം

വേണ്ടത്ര രീതിയിൽ ചർച്ച നടക്കുന്നതിനായി ഗ്രാമസഭക്ക് 3 മണിക്കൂറെങ്കിലും നൽകേണ്ടതാണ്

### ക്വാറം

അർഹരായ മുഴുവൻ ഭിന്നശേഷിയുള്ളവരും ഗ്രാമസഭയിൽ പങ്കെടുക്കുന്നതാണ് അഭികാമ്യം

### നോട്ടീസ്

ഗ്രാമസഭാ യോഗത്തെ കുറിച്ച് അംഗങ്ങളെ അറിയിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട വാർഡിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിക്കായിരിക്കും. നിശ്ചയിച്ച കമ്മിറ്റിക്ക് ഒരാഴ്ച മുമ്പ് നോട്ടീസ് നൽകണം. അതിൽ യോഗത്തിന്റെ അജണ്ട, സ്ഥലം, സമയം മുതലായ വിവരങ്ങൾ ഉണ്ടായിരിക്കണം.

### സംഘാടനം

ഭിന്നശേഷിയുള്ള വ്യക്തികളുടെ ഗ്രാമസഭ സംഘടിപ്പിക്കാനുള്ള പൂർണ്ണമായ ഉത്തരവാദിത്വം പ്രാദേശിക സർക്കാരിന്റെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിററിക്കാണ്. ഇവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനു വേണ്ടി നേരിട്ടും അല്ലാതെയും ഉള്ള എല്ലാ സാധ്യമായ സഹായങ്ങളും നൽകുന്നതാണ്.. പൂർണ പങ്കാളിത്തം ഉറപ്പാക്കുന്നതിനു വേണ്ടി ജനപ്രതിനിധികൾ ലഘുലേഖകൾ അച്ചടിച്ച് എല്ലാ ഭിന്നശേഷിയുള്ളവരുടെ കുടുംബങ്ങൾക്കും നൽകേണ്ടതാണ്. സംഘാടകർക്ക് സാധ്യമായ എല്ലാ മാർഗ്ഗങ്ങളും പ്രചരണ ത്തിനായി ഉപയോഗിക്കണം. അച്ചടിച്ച നോട്ടീസ്, നോട്ടീസ് ബോർഡ്, പ്രത്യേക ക്ഷണക്കത്ത്, അങ്കണ വാടികൾ, പ്രത്യേക അയൽകൂട്ടങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സ്കൂളുകൾ, ഭിന്നശേഷി വിഭാഗ ത്തിലുള്ളവർക്ക് വേണ്ടിയുള്ള സംഘടനകൾ, പാലിയേറ്റീവ് കെയർ സെന്ററുകൾ എന്നിവയിലൂടെ യെല്ലാം അറിയിപ്പ് നൽകേണ്ടതാണ്.

### റിപ്പോർട്ട്

പ്രത്യേക ഗ്രാമസഭയിൽ കോർഡിനേറ്റർ റിപ്പോർട്ട് അവതരിപ്പിക്കണം. ഭിന്നശേഷി വിഭാഗക്കാരുടെ പ്രാദേശിക അവസ്ഥ പ്രതിഫലിക്കുന്ന വിവരങ്ങൾ, കഴിഞ്ഞ വർഷങ്ങളിലെ പരിപാടികളും പ്രോജ ക്ടുകളും, പെൻഷന് അർഹതപ്പെട്ടവരുടെ വിവരം, സ്കോളർഷിപ്പ്, ബഡ്സ് തുടങ്ങിയവയും വിവിധ വികസന മേഖലകളിലോ ഭിന്നിശേഷിയുള്ളവർ കൈവരിച്ച നേട്ടങ്ങൾ, ഇപ്പോഴത്തെ അവസ്ഥ എന്നിവ റിപ്പോർട്ടിൽ ഉൾപ്പെടുത്തേതാണ്. സാമൂഹ്യ സുരക്ഷ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ, ആരോഗ്യ-വി ദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുമായി ചർച്ച ചെയ്തുവേണം പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കാൻ. പ്രത്യേക ഗ്രാമസഭയുടെ നിർദ്ദേശങ്ങളിൽ പ്രാദേശിക സർക്കാർ സ്വീകരിച്ച നടപടികളും റിപ്പോർട്ടിൽ ചേർക്കേണ്ടതാണ്.

### പൊതു ചർച്ച

ഗ്രാമസഭ ഫെസിലിറ്റേറ്ററാണ് റിപ്പോർട്ടിൻമേലുള്ള പൊതു ചർച്ച നയിക്കേണ്ടത്. പങ്കെടുക്കുന്നവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രത്യേകം രേഖപ്പെടുത്തണം.

### ഗ്രൂപ്പ് ചർച്ച

പൊതുചർച്ചക്ക് ശേഷം പ്രത്യേക ഗ്രാമസഭയിലെ പങ്കാളികളെ സബ് ഗ്രൂപ്പുകളായി തരം തിരിക്കണം. താഴെപറയുന്ന വിഷയങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച ചെയ്യുകയും ചർച്ചയ്ക്ക് ശേഷം ഓരോ ഗ്രൂപ്പും ചർച്ച റിപ്പോർട്ട് അവതരിപ്പിക്കുകയും വേണം.

1. സാമൂഹ്യ സുരക്ഷാ സഹായങ്ങൾ - പെൻഷൻ, സ്കോളർഷിപ്പ്, സ്റ്റൈപന്റ്, സംരക്ഷകർക്കുള്ള ധന സഹായം തുടങ്ങിയവ
2. ആരോഗ്യ സേവനങ്ങൾ-

ഭിന്നശേഷി വിഭാഗത്തിലുള്ളവർക്കു വേണ്ടിയുള്ള ഉപകരണങ്ങൾ, മെഡിക്കൽ പരിശോധന, മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്, പരീക്ഷാ ഇളവുകൾ, മെഡിക്കൽ സഹായങ്ങൾ, തെറാപ്പികൾ, ഐ.ഡി കാർഡുകൾ, മെഡിക്കൽ ഇൻഷുറൻസ്, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ

3. വിദ്യാഭ്യാസവും പരിശീലനവും

   ഇവരുടെ സമഗ്ര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പ്രത്യേക വിദ്യാഭ്യാസം, സർവ്വ ശിക്ഷാ അഭിയാൻ സഹായങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, തടസ്സരഹിതമായ ചുറ്റുപാടുകൾ, യാത്ര തുടങ്ങിയവ
4. പ്രാദേശിക പദ്ധതിയും ഭൗതിക പശ്ചാത്തല സൗകര്യങ്ങളും.
5. തടസരഹിത പശ്ചാത്തല സൗകര്യങ്ങൾ പൊതു സേവന കേന്ദ്രങ്ങൾ, സൂക്ഷ്മ സംരംഭങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രത്യേക അയൽക്കൂട്ടങ്ങൾ തുടങ്ങിയവ
6. ബഡ്സ് സേവനങ്ങൾ.

**ഗ്രൂപ്പ് അവതരണം**

ഗ്രൂപ്പിൽ നിന്നും ഒരാളെ റിപ്പോർട്ടറായി തിരഞ്ഞെടുക്കേണ്ടതും ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ട് എഴുതി അവതരിപ്പിക്കുണം. ഗ്രൂപ്പ് ചർച്ചകളിൽ വന്നിട്ടുള്ള തീരുമാനങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തണം. ഓരോ വാർഡ്സഭയിലേയും നിർദ്ദേശങ്ങൾ തദ്ദേശതലഭിന്നശേഷി വികസനസമിതിയുടെ യോഗത്തിൽ ക്രോഡീകരിച്ച് മുൻഗണന തിട്ടപ്പെടുത്തേണ്ടതാണ്.

**തിരഞ്ഞെടുപ്പ്**

ഭിന്നശേഷിയുള്ളവരുടെ തദ്ദേശതല വികസന സമിതി അംഗങ്ങളായി രണ്ട് പ്രതിനിധികളെ തിരഞ്ഞെടുക്കണം.

**മിനിറ്റ്സ്**

പ്രത്യേക ഗ്രാമസഭ മിനിറ്റ്സ് രേഖപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യേണ്ടത് കോ-ഓർഡിനേറ്ററുടെ ചുമതലയാണ്. ഗ്രാമസഭയിലെ ചർച്ചകളും നിർദ്ദേശങ്ങളും അതാത് സമയത്തു തന്നെ രേഖപ്പെടുത്തി യോഗാവസാനം വായിച്ചു കേൾപ്പിക്കുകയും ചെയ്യേണ്ടതാണ്. അജണ്ട, ഹാജർ, അദ്ധ്യക്ഷ പ്രസംഗം, സ്വാഗതം, കോർഡിനേറ്ററുടെ റിപ്പോർട്ട്, ഗ്രൂപ്പ് രൂപീകരിച്ച രീതി, പങ്കാളികൾ അവതരിപ്പിച്ച പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ, അവ ഏത് വർക്കിംഗ് ഗ്രൂപ്പ് കൈകാര്യം ചെയ്യണമെന്ന കുറിപ്പ് എന്നിവ മിനിട്സിൽ ഉൾപ്പെടുത്തണം. ഓരോ വിഭാഗങ്ങളുടെ പ്രശ്നങ്ങളും പ്രത്യേകം രേഖപ്പെടുത്തണം. മിനിറ്റ്സിന്റെ അവസാനം കൺവീനർ, കോർഡിനേറ്റർ, ഫെസിലിറ്റേറ്റർ, ഗ്രാമസഭ അംഗങ്ങളിൽ നിന്നുള്ള 5 പേർ എന്നിവരുടെ കൈയൊപ്പ് വയ്ക്കണം.

**ഭിന്നശേഷിയുള്ളവരുടെ വികസന സമിതി – തദ്ദേശഭരണസ്ഥാപനതലം**

എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും രൂപീകരിക്കേണ്ട, ഭിന്നശേഷിയുള്ളവരുടെ പ്രതിനിധികളുടെ കൂട്ടായ്മയാണ് ഭിന്നശേഷിയുള്ളവരുടെ വികസന സമിതി. വികസന സമിതിക്ക് ഒരു പൊതുസഭയും നിർവ്വാഹകസമിതിയും ഉണ്ടായിരിക്കും. എല്ലാ വർഷവും നിശ്ചിത കാലയളവിൽ ഭിന്നശേഷിയുള്ളവരുടെ പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർക്കേണ്ടത് വികസന സമിതിയുടെ ചുമതലയാണ്.

**പൊതുസഭ (General council)**

പ്രത്യേക ഗ്രാമസഭയിൽ നിന്നും തിരഞ്ഞെടുക്കുന്ന വാർഡിന്റെ പ്രതിനിധികളോടൊപ്പം തദ്ദേശഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ചേർന്നതാണ് വികസന സമിതിയുടെ പൊതുസഭ.

**നിർവ്വാഹക സമിതി (Executive Committee)**

നിർവ്വാഹക സമിതിയിൽ 7 പേർ ഉണ്ടായിരിക്കണം. നിർവ്വാഹക സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

- ചെയർപേഴ്സൺ- തദ്ദേശസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ
- വൈസ് ചെയർപേഴ്സൺ- ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ
- കൺവീനർ- ICDS സൂപ്പർവൈസർ
- ജോയിന്റ് കൺവീനർ- പൊതുസഭയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗം
- കോ-ഓർഡിനേറ്റർ- പൊതുസഭയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗം
- തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് അംഗങ്ങൾ

**യോഗം ചേരൽ**

പൊതുഗ്രാമസഭക്ക് മുമ്പായി പൊതുസഭ 2 പ്രാവശ്യവും നിർവ്വഹകസമിതി 3 പ്രാവശ്യവും വിളിച്ചു ചേർക്കണം. നിർവ്വഹകസമിതിയുടെ ചെയർപേഴ്സൺ ആണ് പൊതുസഭയും നിർവ്വാഹകസമിതിയും വിളിച്ചു ചേർക്കേണ്ടത്.

**പൊതുഗ്രാമസഭയുടെ പങ്കാളിത്തം**

പൊതു ഗ്രാമസഭയിൽ പങ്കെടുപ്പിക്കുന്നതിനും ഭിന്നശേഷിയുള്ളവർക്കായുള്ള പ്രത്യേക ഗ്രാമസഭ നിർദ്ദേശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള വാർഡ്തല പ്രതിനിധികളെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലയേൽപ്പിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് പ്രത്യേക ഗ്രാമസഭയുടെ മിനുട്ടിസിന്റേയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കാവുന്നതാണ് (അനുബന്ധം-2). പൊതു ഗ്രാമസഭയയിൽ ഇവരുടെ പ്രതിനിധികൾക്ക് റിപ്പോർട്ട് അവതരിപ്പിക്കുന്നതിന് അവസരം ലഭിക്കുമെന്ന് വാർഡ് മെമ്പർ ഉറപ്പാക്കേണ്ടതാണ്.

**വികസന സെമിനാറിലെ പങ്കാളിത്തം**

നിർവാഹകസമിതിയിലെ എല്ലാ അംഗങ്ങളും തദ്ദേശഭരണസ്ഥാപനത്തിന്റെ വികസന സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. വികസന സെമിനാറിൽ അവതരിപ്പിക്കുന്നതിനായി 'ഭിന്നശേഷിയുള്ളവരുടെ പദവി' (അനുബന്ധം 3) വിശകലനം എന്ന പേരിൽ റിപ്പോർട്ട് തയ്യാറാക്കണം. നിർവ്വാഹക സമിതി വൈസ് ചെയർമാനും കൺവീനറുമായി കൂടിയാലോചിച്ച് വേണം റിപ്പോർട്ട് തയ്യാറാക്കാൻ. പ്രസ്തുത റിപ്പോർട്ട് കോ ഓർഡിനേറ്റർ വികസന സെമിനാറിൽ അവതരിപ്പിക്കണം.

എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങളും പ്രാദേശിക സർക്കാരിന്റെ വികസന സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. ആയതിനു വേണ്ടി കൺവീനർ കോർഡിനേറ്ററുമായി ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് വൈസ്പ്രസിഡന്റോ സെക്രട്ടറിയോ വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടതാണ്.

**നിർവഹണവും തുടർ നടപടികളും**

പ്രാദേശിക സർക്കാരുകൾ ഭിന്നശേഷിയുള്ളവരുടെ പ്രത്യേക ഗ്രാമസഭയുടെ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും മതിയായ പരിഗണന നൽകേണ്ടതാണ്. നടത്തിയ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാർ അടുത്തു വരുന്ന ഇവരുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യണം. തദ്ദേ ശഭ രണസ്ഥാപനം ഇവർക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളായ ബഡ്സ് സ്ക്കൂൾ, വരുമാനദാ യക പ്രവർത്തനങ്ങൾ മറ്റ് ക്ഷേമപദ്ധതികൾ എന്നിവയുടെ അവലോകനം നടത്തേണ്ട ചുമതല വികസന സമിതിയുടെ നിർവ്വാഹക സമിതിക്കുണ്ട്.

വർഷത്തിലൊരിക്കൽ വികസന സമിതിക്ക് ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള സേവനങ്ങളു ടെയും സ്ഥാപനങ്ങളുടെയും സോഷ്യൽ ഓഡിറ്റ് നടത്താവുന്നതാണ്. പ്രാദേശിക ഭരണത്തിൽ ഇവർക്ക് അനുകൂല പരിസ്ഥിതി ഉണ്ടാക്കുന്നതിനുള്ള പ്രചോദനമായി വികസന സമിതി മാറുകയും വേണം.

# IV

## ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖ

### (12–ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ.എം.എസ് നം 4/2016/തസ്വഭവ തീയതി 11.1.2016)

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്, അവർ എ.പി.എൽ/ബി.പി.എൽ എന്ന വേർതിരിവില്ലാതെ തന്നെ 100% സഹായം നൽകാവുന്നതാണ്. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ട് നഗരഭരണസ്ഥാപനങ്ങളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും മാത്രമേ ഏറ്റെടുക്കാവൂ. എന്നാൽ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയവയായിരിക്കണം.

**(a) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക്:**

(1) സർജിക്കൽ ഷൂസ്/അംഗിൾബൂട്ട്/മോൾഡഡ് ഷൂസ്/ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ തുകൽ ചെരുപ്പ്/മൈക്രോ സെല്ലുലാർ റബ്ബർ സോളുള്ള ചെരുപ്പ്/അക്കോമഡേറ്റീവ് പാദരക്ഷകൾ

(2) ഓർത്തോപെഡിക്ക് ഉപകരണങ്ങൾ/വിവിധതരം കറക്റ്റീവ് ഷൂസുകൾ

(3) വിവിധതരം കൃത്രിമ അവയവങ്ങൾ/കാൽ, കൈ എന്നിവ

(4) സഞ്ചാരസഹായികൾ/വിവിധതരം ക്രച്ചസ്, വാക്കേഴ്സ് (walkers)

(5) ലംബാർ കോർസെറ്റ്/സ്പൈനൽ ബ്രേസ്/ജാക്കറ്റ്/നീ ബ്രേസ് (knee brace)/സ്റ്റാറ്റിക് അല്ലെങ്കിൽ ഡൈനാമിക് സ്പളിന്റസ്/വീൽ ചെയർ/കൈക്കൊണ്ടുപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈസൈക്കിളുകൾ

**(b) കേഴ്വിശക്തി കുറഞ്ഞവർക്ക്**

ശ്രവണ സഹായികൾ (hearing aids)

**(c) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്**

(1) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന അതേ ഉപകരണങ്ങൾ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും നൽകാം.

**(d) കാഴ്ച കുറഞ്ഞവർക്ക്**

(1) ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയിൻ

(2) ഹാൻഡ് ഹെൽഡ് സ്റ്റാന്റ്, ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈയേഴ്സ്, സ്പീച്ച് സിൻതസൈസേയഴ്സ്, കമ്പ്യൂട്ടറും കമ്പ്യൂട്ടറിനാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകളും

(3) കാഴ്ച കുറഞ്ഞവർക്കും കേഴ്വിശക്തി കുറഞ്ഞവർക്കുമായി ടെലഫോണിൽ ഘടിപ്പിക്കുന്ന ബ്രെയ്‌ലി അറ്റാച്ച്മെന്റുകളും

(4) ബ്രെയ്‌ലി എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ-ഷോർട്ട് ഹാൻഡ് ബ്രെയ്‌ലി മെഷീൻ, പത്താം ക്ലാസ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയ്‌ലി ടൈപ്പ്റൈറ്റർ, കമ്പ്യൂട്ടർ, ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപടോപ്പ്, കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ

(5) പ്രത്യേക പഠന സാമഗ്രികൾ

**ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ**

(1) ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ചശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ.

(2) ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണിയിക്കുന്നതിന് വേണ്ടി ഗ്രാപഞ്ചായത്ത് തലത്തിലും നഗരഭരണ സ്ഥാപന തലത്തിലും ഉപകരണ ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തണം. ഗ്രാമപ ഞ്ചായത്ത് തല ക്യാമ്പിനുവേണ്ടി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തും നഗരഭരണസ്ഥാപനങ്ങളുടെ സംഗതിയിൽ അതാത് നഗരഭരണ സ്ഥാപനവും ക്യാമ്പിനുവേണ്ട ചെലവ് വഹിക്കേണ്ടത്.

(3) ക്യാമ്പിൽ പങ്കെടുക്കുന്ന വ്യക്തിക്കും ആവശ്യമെങ്കിൽ ഒരു സഹായിക്കും കൂടി ഭക്ഷണ-യാത്രാ ചെലവുകൾക്കായി പരമാവധി 250 രൂപ നൽകാവുന്നതാണ്.

(4) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സാമൂഹ്യസുരക്ഷാ മിഷൻ വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. 40% ത്തിലധികം വൈകല്യമുള്ളവരേയും കാർഡ് ലഭിക്കാത്ത അർഹരായവരുണ്ടെങ്കിൽ അവരെയുമാണ് ക്യാമ്പിലേക്ക് ക്ഷണിക്കേണ്ടത്.

(5) സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ ഓർത്തോട്ടിക് എഞ്ചിനീയർ (Orthotic Engineer), പ്രോസ്തെറ്റിക് എഞ്ചിനീയർ (Prosthetic Engineer), ഓഡിയോളജിസ്റ്റ് (Audiologist), ഓപ്തോമെട്രിസ്റ്റ് (Optrometrist) എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. താലൂക്ക്/ ജില്ലാആശുപത്രികളിൽ നിന്ന് ഈ വിദഗ്ധരെ ലഭിക്കുന്നതാണ്. ഡിസ്ട്രിക്ട് ഡിസ്ഏബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ (DDRC), മെഡിക്കൽ കോളേജ് സാമൂഹ്യസുരക്ഷാമിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിന് തേടാവുന്നതാണ്. (ഏതെങ്കിലും എജൻസിയേയോ സ്ഥാപനത്തേയോ ക്യാമ്പ് നടത്താൻ ചുമതലപ്പെടുത്താവുന്നതല്ല)

**ഉപകരണങ്ങൾ വാങ്ങൽ**

ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ കെൽട്രോണിൽ നിന്നോ ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/കാൺപൂർ) യിൽ നിന്നോ വാങ്ങാവുന്നതാണ്.

പല തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഉപകരണം ഉള്ളവർക്കുതന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ (സ്ഥിതിവിവരകണക്കുകൾ **ശേഖരിക്കൽ** ഉൾപ്പെടെ) സ്വീകരിക്കേണ്ടതാണ്. ക്യാമ്പിൽ വച്ച് ഇതു സംബന്ധിച്ച വിവരശേഖരണം നടത്തേണ്ടതാണ്.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി വകയിരുത്താവുന്നതാണ്.

## (എ) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായങ്ങൾ

| ക്രമ നം | സ്റ്റാൻഡേർഡ്/ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റലർ | |
| 1. | 1-4 / നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2. | 5-8 | 500 | 750 | 600 |
| 3. | 9, 10, +1, +2 | 600 | 800 | 800 |
| 4. | ബിരുദം | 800 | 1250 | 1000 |
| 5. | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6. | വൊക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7. | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ളവർക്ക് യാത്രാബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | | |
| 8. | കാലുകളുടെ വൈകല്യം മൂലം ചലനവ കൈല്യമുള്ളവർ സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗി ക്കുകയാണെങ്കിൽ യാത്രാബത്ത (വിദ്യാലയങ്ങളിൽപോകുന്ന മാസങ്ങളിൽ മാത്രം) | യഥാർത്ഥ ചെലവ് (സ്ഥാപനത്തിന് നൽകണം) | | |

## (ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായങ്ങൾ

| ക്രമ നം | ഇനം | സ്കോളർഷിപ്പ് ബത്ത (രൂപ) |
|---|---|---|
| 1. | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2. | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 800 |
| 3. | പഠനസഹായികൾക്ക്/വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 1400 |
| 4. | ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 400 |
| 5. | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവക്ക്-രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |

### (സി) ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായങ്ങൾ

| ക്രമ നം | ഇനം | സ്കോളർഷിപ്പ് ബത്ത (രൂപ) |
|---|---|---|
| 1 | വിദ്യാലയങ്ങളിൽ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത | പ്രതിമാസം 1000 രൂപ - ഡേ കെയർ സെന്ററുകളിൽ ഈ വിഭാഗം ആളുകളുടെ സുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാണെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പുവരുത്തണം |
| 2 | യാത്രാബത്ത (പ്രതിമാസം) | 400 |

### (ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്തവർക്കുള്ള ധനസഹായങ്ങൾ (18 വയസ്സിൽ താഴെയുള്ളവർ)

| ക്രമ നം | ഇനം | സ്കോളർഷിപ്പ് ബത്ത (രൂപ) |
|---|---|---|
| 1 | മാനസിക വെല്ലുവിളികൾ, വളർച്ചാസംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം (Cerebral palsy), ഓട്ടിസം (Autism) മുതലായവ നേരിടുന്നവർ | 1000 |

സ്കോളർഷിപ്പ് ബത്ത നല്കുന്നതിനാവശ്യമായ തുക എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഏറ്റെടുക്കേണ്ടതാണ്. സ.ഉ (സാധാ) നം 2465/2016 തസ്വഭവ തീയതി 17/08/2016 പ്രകാരം ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടയും വിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഉണ്ടായിരിക്കണം.

ഈ വിവരശേഖരണം ആദ്യഘട്ടത്തിൽ ദ്വിതീയ വിവരസ്രോതസ്സുകളായ ICDS വാർഷികസർവ്വേ, ഹെൽത്ത് ഡേറ്റ, പഞ്ചായത്ത് സ്കോളർഷിപ്പ്/ പെൻഷൻ രജിസ്റ്റർ, കെ.എസ്.എസ്.എം രജിസ്റ്റർ എന്നിവയിൽ നിന്ന് ശേഖരിക്കുകയും തുടർന്ന് അപ്പ്ഡേറ്റ് ചെയ്യുകയും ചെയ്യേണ്ടതാണ്.

### ബഡ്സ് സ്ക്കൂൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (ബി.ആർ.സി)

തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.7.2009 ലെ (എം.എസ്) നമ്പർ 148/2009 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബഡ്സ് സ്ക്കൂളുകളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 6.4.2013 ലെ (എം.എസ്) നമ്പർ 144/2013 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും സ്ഥാപിച്ച് നടത്താവുന്നതാണ്. 2016-17 മാർഗ്ഗരേഖയിലെ ഖണ്ഡിക 11.10 VI അനുസരിച്ച് ബഡ്സ് സ്ഥാപനത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം സൗജന്യമായി നല്കേണ്ടതാണ്.

# V

# ഭിന്നശേഷി വിഭാഗക്കാർക്കായുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ

## 1 ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾ/വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾ എന്നിവർക്കുള്ള സഹായ പദ്ധതി

**അർഹത**

വാർഷിക വരുമാനം 36000 രൂപയിൽ താഴെയുള്ള വിഭാഗം ആളുകൾ

**നിർവ്വഹണം**

സാമൂഹ്യനീതി വകുപ്പ് നേരിട്ട് നിർവ്വഹണം നടത്തുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ഠ മാതൃകയിലുള്ള അപേക്ഷാഫോറം ഐ.സി.ഡി.എസ് ഓഫീസുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.

**ഹാജരാക്കേണ്ട രേഖകൾ** - വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പാൻ കാർഡ്, വിവാഹിതനാണ് എന്നതിന്റെ തെളിവ് (വിവാഹ സർട്ടിഫിക്കറ്റ്, കല്യാണക്കുറി തുടങ്ങിയവ)

ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന സാമൂഹ്യനീതി ഡയറക്ടറുടെ ധനസഹായത്തിനായി സമർപ്പിക്കുന്നു. സാമൂഹ്യനീതി ഡയറക്ടർ ധനസഹായം അനുവദിക്കുന്നു.

## 2 വികലാംഗമേഖലയിലെ ഏറ്റവും നല്ല ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ, തൊഴിൽ ദാതാവ് എന്നിവർക്കുള്ള സ്ഥാപന അവാർഡുകൾ

വികലാംഗരായ തൊഴിലാളികൾ/ഉദ്യോഗസ്ഥർ, വികലാംഗർക്ക് തൊഴിൽ നൽകുന്നവർ, വികലാംഗ സ്ഥാപനങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, ശാരീരിക വൈകല്യമുള്ള 18 തൊഴിലാളികൾക്ക് അവാർഡ് ലഭിക്കുന്നു. പൊതുമഖലാ സ്വകാര്യ-സർക്കാർ മേഖലകൾ ഓരോന്നിലും അന്ധർ, ബധിരർ, അസ്ഥി സംബന്ധമായ വൈകല്യമുള്ളവർ എന്നിവർക്ക് രണ്ട് അവാർഡുകൾ വീതവും, പൊതുമേഖലാ-സ്വകാര്യ-സർക്കാർ മേഖലകൾ ഓരോന്നിലും ഏറ്റവും നല്ല തൊഴിൽ ദാതാവിന് ഓരോ അവാർഡും അന്ധർ, ബധിരർ, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ എന്നിവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഓരോ മേഖലയിലും ഒരു അവാർഡ് വീതവും നൽകുന്നതിനാണീ പദ്ധതി.

**ഗുണഭോക്താക്കൾ**

സ്ഥിരമായ വൈകല്യമുള്ളവർ ജോലി ചെയ്യുന്ന പൊതുമേഖലാ-സ്വകാര്യ-സർക്കാർ സ്ഥാപനങ്ങൾ

- മൊത്തം തൊഴിലാളികളുടെ 2% വികലാംഗർ ജോലി ചെയ്യുന്ന തൊഴിൽ ദാതാവ്
- വികലാംഗ ക്ഷേമ സ്ഥാപനങ്ങൾ

**ധനസഹായം**

ഏറ്റവും നല്ല വികലാംഗ തൊഴിലാളിക്ക് 10,000 രൂപയും, സാക്ഷ്യപത്രവും സ്ഥാപനങ്ങൾക്ക് 50000 രൂപയും സാക്ഷ്യപത്രവും, സ്ഥാപനങ്ങൾക്ക് 5000 രൂപയും സാക്ഷ്യപത്രവും ലഭിക്കുന്നു.

**അപേക്ഷിക്കേണ്ടവിധം**

ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ നിന്നും ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ചു താഴെ പറയുന്ന രേഖകൾ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർ വഴി സാമൂഹ്യനീതി ഡയറക്ടർക്ക് നൽകുകയും അവാർഡുകൾ നിർണ്ണയിച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

- തൊഴിലാളികളുടെ അപേക്ഷകൾ സ്ഥാപനമധാവി ശുപാർശ ചെയ്തിരിക്കും
- അപേക്ഷയിൽ ഫോട്ടോയും വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

## 3. വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാധനസഹായം

**ഗുണഭോക്താക്കൾ**

- ഗ്രാമപ്രദേശത്തുള്ള 20000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർ
- നഗരപ്രദേശങ്ങളിലെ 22375 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർ

**നിർവ്വഹണം**

സാമൂഹ്യ നീതി ഓഫീസർ, ഒരു വർഷം പരമാവധി 5000 രൂപ ധനസഹായം നൽകുന്നു. ശാസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള ചികിത്സ, അപകടത്തെ തുടർന്ന് വികലാംഗനായ ആൾക്കുള്ള ധനസഹായം, വികലാംഗർക്ക് മറ്റ് പദ്ധതികളിലൊന്നിലും ലഭിക്കാത്ത ആവശ്യങ്ങൾ എന്നിവയ്ക്കാണ് ധനസഹായം നൽകുക

**അപേക്ഷിക്കേണ്ട വിധം**

സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നും നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാ ഫോറങ്ങൾ പൂരിപ്പിച്ചു വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം സാമൂഹ്യ നീതി ഓഫീസർക്ക് നൽകണം.

## 4. സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ്

അംഗീകൃത സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനാണ് ധനസഹായം നൽകുക.

**ഗുണഭോക്താക്കൾ**

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകരിച്ച വികലാംഗ പുനരധിവാസകേന്ദ്രങ്ങൾ, ഗ്രാന്റ് അനുസരിച്ച് സർക്കാർ ഉത്തരവായ സ്ഥാപനങ്ങൾ, സർക്കാർ നിയമമനുസരിച്ച് നിജപ്പെടുത്തിയ എണ്ണം അന്തേവാസികൾ ഉള്ള കേന്ദ്രങ്ങൾ.

**ധനസഹായം** – അന്തേവാസികൾക്ക് പ്രതിമാസം 525 രൂപ വീതം ധനസഹായം ലഭിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിശ്ചിത അപേക്ഷ ഫോം പൂരിപ്പിച്ച് താഴെപറയുന്ന രേഖകൾ സഹിതം ജില്ലാസാമൂഹ്യനീതി ഓഫീസർ നേരിട്ട് പരിശോധിച്ച് ശുപാർശ ചെയ്ത് സാമൂഹ്യ നീതി ഡയറക്ടർക്ക് നൽകി ഡയറക്ടർ സാമൂഹ്യ നീതി ഓഫീസർ വഴി ധനസഹായം അനുവദിക്കുന്നു. അപേക്ഷയോടൊപ്പം അന്തേവാസികളുടെ ലിസ്റ്റ്, 3

വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാര സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കണം.

## 5. അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ളവരുമായ അഭിഭാഷകർക്കുള്ള ധന സഹായ പദ്ധതി

**അർഹത –**

- അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ളവരുമായ കേരളത്തിലെ ഏതെങ്കിലും കോടതികളിൽ പ്രവർത്തിക്കുന്ന അഭിഭാഷകർ
- കുടുംബ വാർഷിക വരുമാനം 18000 രൂപയിൽ കവിയാത്ത ആളുകൾ

**നിർവ്വഹണം** – സാമൂഹ്യ നീതി വകുപ്പ്

- ധനസഹായം – സംസ്ഥാന സർക്കാർ ഫണ്ട് അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 5 വർഷത്തേക്ക് റീഡേഴ്സ് അലവൻസും, നിയമ പുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിനായി ഒരു തവണ 25,500 രൂപയും ലഭിക്കുന്നു. സെറിബ്രൽ പൾസിയുള്ളവർക്കും മറ്റുള്ളവർക്കും 2500 രൂപ ആദ്യകാല ചെലവിനായി നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർ വഴി ഡയറക്ടർക്ക് സമർപ്പിച്ച് ധനസഹായം ലഭ്യമാക്കുന്നു.

## 6. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

**ഗുണഭോക്താക്കൾ**

- ഒന്നാം ക്ലാസ്സ് മുതൽ ബിരുതാനന്തര ബിരുദംവരെ (പ്രൊഫഷണൽ, ടെക്നിക്കൽ ട്രെയിനിംഗ് ഉൾപ്പെടെ)പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾ
- വാർഷിക വരുമാനം 36000 രൂപയിൽ കവിയാത്ത വികലാംഗ വിദ്യാർത്ഥികൾ
- മുൻവാർഷിക പരീക്ഷയിൽ 40% കുറയാത്ത മാർക്ക് ലഭിച്ചവർ

**ധനസഹായം**

1 മുതൽ 4 വരെ പ്രതിമാസം 100 രൂപയും 5 മുതൽ 10 വരെ 1250 രൂപയും +1, +2, .ടി.എ കോഴ്സുകൾക്ക് 150 രൂപയും എല്ലാ ഡിഗ്രി കോഴ്സുകൾ, തത്തുല്യ പോളിടെക്നിക് കോഴ്സുകൾ മുതലായവയ്ക്ക് 175 രൂപയും സി.ഇ/ബി.ടെക്/എം.ബി.ബി.എസ്/എൽ.എൽ.ബി/ബി.എഡ്/എൽ.എൽ.എം. എം.എസ് മുതലായവയ്ക്ക് 250 രൂപയും ലഭിക്കുന്നു. 1 മുതൽ +2 വരെ പഠിക്കുന്ന അന്ധ വിദ്യാർത്ഥികൾക്ക് പ്രതിമാസം 50 രൂപയും ബിരുദം മുതൽ പ്രൊഫഷണൽ കോഴ്സു വരെ പഠിക്കുന്ന അന്ധ വിദ്യാർത്ഥികൾക്ക് 100 രൂപയും റീഡേഴ്സ് അലവൻസായി ലഭിക്കുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന +1, +2 വിദ്യാർത്ഥികൾക്ക് 200 രൂപയും, ബി.എ/ബി.എസ്.സി/ബി.കോം വിദ്യാർത്ഥികൾക്ക് 230 രൂപയും പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് 300 രൂപയും അലവൻസ് ലഭിക്കുന്നു. അസ്ഥിസംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് യാത്രാബത്തയായി 100 രൂപ ലഭിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം**

നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷാ ഫോറം ജില്ലാ സാമൂഹ്യനീതി ഓഫീസർ വഴി ഡയറക്ടർക്ക് സമർപ്പിച്ച് ധനസഹായം ലഭ്യമാക്കുന്നു.

## 7 . വികലാംഗപെൻഷൻ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗർ, ശാരിരിക-മാനസിക വെല്ലുവിളി നേരിടുന്നവർ സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനം വഴി നൽകുന്ന പെൻഷൻ പദ്ധതി. (1-4-2011 മുതൽ സമാനമായ ഇന്ദിരാഗാന്ധി ദേശീയ വികലാംഗപെൻഷൻ പദ്ധതി നിലവിൽ ഉണ്ട്. ആയതിന് അർഹതാ മാനദണ്ഡം വ്യത്യസ്തമാണ്.)

**ഗുണഭോക്താക്കൾ**

വാർഷിക കുടുംബ വരുമാനം 1,00,000/ രൂപ കവിയാത്ത വികലാംഗ/മാനസിക വൈകല്യമുള്ളവർ (40% കൂടുതലോ അസ്ഥിവൈകല്യം, കാഴ്ച 6/60 അഥവാ 20/200 സ്റ്റെല്ലനിൽ അധികരിക്കാത്തവർ / കേൾവി 90 ഡെസിബെല്ലിൽ കുറഞ്ഞവർ/മാനസിക വൈകല്യം ഐ.ക്യു 50 ന് താഴെയുള്ളവർ)

2 വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാർ ആയിരിക്കണം

**ധനസഹായം**

- നിലവിലുള്ളത് 700 രൂപ പ്രതിമാസം
- 80%മേലെ വികലാംഗത്വമുള്ളവർക്ക് 1000 രൂപ

**അപേക്ഷയ്ക്കൊപ്പം ഹാജരാക്കേണ്ട രേഖകൾ**

- പൂരിപ്പിച്ച അപേക്ഷ 2 പ്രതി
- വയസ്സ് തെളിയിക്കുന്ന രേഖ
- വികലാംഗ സർട്ടിഫിക്കറ്റ്
- ഏതെങ്കിലും തിരിച്ചറിയൽ കാർഡ്
- വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ജി.ഒ (എം.എസ്) 8/2015/എസ്.ജെ.ഡി. തീയതി 12/02/2015)

ഹെൽത്ത് ഇൻസ്പെക്ടർ വഴി അന്വേഷണം നടത്തുന്നു. തദ്ദേശഭരണ സ്ഥാപനം, ഗ്രാമസഭ അംഗീകാരം നൽകുന്നു. ജില്ലാ കളക്ടർക്ക് ഫണ്ടിനായി അപേക്ഷിക്കുന്നു. 40 ദിവസത്തിനകം പെൻഷൻ അനുവദിക്കുന്നു. പെൻഷൻ അപേക്ഷിച്ചതിന്റെ അടുത്തമാസം 1 മുതൽ അർഹത

## 8 . വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

15 മുതൽ 25 വയസ്സു വരെ പ്രായമുള്ള വികലാംഗരുടെ സാമ്പത്തികസ്ഥിരതയും സ്വാതന്ത്ര്യവും ഉറപ്പു വരുത്തുന്നതിനായി അവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് കോഴിക്കോടും (ബുക്ക് ബൈന്റിംഗ്, ലെതർവർക്ക്സ്, ഡി.ടി.പി) തിരുവനന്തപുരത്തും (ബുക്ക് ബൈന്റിംഗ്, ടൈലറിംഗ് & എംബ്രോയ്ഡറി, ഡി.ടി.പി, ഫാഷൻ ഡിസൈനിംഗ്) കേന്ദ്രങ്ങൾ വഴി ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ**

- 15 മുതൽ 25 വയസ്സ് വരെ പ്രായമുള്ള വികലാംഗർ
- തൊഴിൽ പരിശീലനത്തിന്റെ ആഭിമുഖ്യത്തിലുള്ള മേൽപറഞ്ഞ വിധം

**അപേക്ഷിക്കേണ്ട വിധം**

നിർദ്ദിഷ്ടഫോറങ്ങൾ അതാത് തൊഴിൽ പരിശീലനത്തിൽ ലഭ്യമാക്കി സമർപ്പിച്ചാൽ മതി.

## 9. ആശ്വാസകിരണം പദ്ധതി

ഒരു മുഴുവൻ സമയ പരിചാരകന്റെ ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളേയും മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരേയും പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതി.

**ഗുണഭോക്താക്കൾ**

- വരുമാന പരിധിയില്ല. എല്ലാ മാനസിക രോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ബാധിച്ചവർ
- സ്വന്തം കാര്യങ്ങളൊന്നും സ്വയം ചെയ്യാൻ കഴിയാത്തവർ, പൊതുസഹജമായ കാരണങ്ങളല്ലാതെ തീർത്തും കിടപ്പിലായവർ
- ധനസഹായം - പ്രതിമാസം 525/ രൂപ

**അപേക്ഷിക്കേണ്ടവിധം**

ഐ.സി.ഡി.എസ്/അങ്കണവാടികൾ എന്നിവയിൽ നിന്നും അപേക്ഷാ ഫോറം പൂരിപ്പിച്ച് താഴെപറയുന്ന രേഖകൾ സഹിതം ഐ.സി.ഡി.എസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി ശിശുവികസന ഓഫീസർമാർക്ക് നൽകുന്നു.

**രേഖകൾ സമർപ്പിക്കേണ്ടത്**

- രോഗിയുടേയും പരിചാരകന്റേയും ബി.പി.എൽ റേഷൻകാർഡ്/വില്ലേജോഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്
- നിശ്ചിത ഫോർമാറ്റിലുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ്
- പോസ്റ്റോഫീസ് അക്കൗണ്ട് വിവരങ്ങൾ
- സാമൂഹ്യ സുരക്ഷാ മിഷൻ അപേക്ഷകൾ പരിശോധിച്ച് തുക അക്കൗണ്ടിൽ നിക്ഷേപിക്കും.
- വിധവ, വാർദ്ധക്യ, കർഷകതൊഴിലാളി മറ്റ് ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വസകിരണം ആനുകൂല്യം ലഭിക്കുന്നതാണ്.

## 10 ശ്രുതിതരംഗം

5 വയസ്സുവരെ പ്രായമുള്ള ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷനിലൂടെ കേൾവിയും ഓഡിയോ വെർബൽ ഫാബിലിറ്റേഷനിലൂടെ സംസാര ശേഷിയും ലഭ്യമാക്കുന്നതിനാണീ പദ്ധതി

**ഗുണഭോക്താക്കൾ**

- 5 വയസ്സുവരെ പ്രായമുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ പൂർണ്ണമായും കേൾവി ശക്തി ലഭിക്കുമെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയ കുട്ടികൾ
- പ്രതിവർഷം 2 ലക്ഷം വരെ വരുമാനമുള്ള കുട്ടികൾ
- നിർദ്ദിഷ്ട ആശുപത്രികൾ ചികിത്സ നടത്തുന്ന കുട്ടികൾ

**ധനസഹായം**

അഞ്ചരക്ഷം രൂപ വരുന്ന സർജറി പൂർണ്ണമായും സൗജന്യമാണ്.

**അപേക്ഷിക്കേണ്ട വിധം**

- നിർദ്ദിഷ്ട അപേക്ഷാ ഫോറം സാമൂഹ്യസുരക്ഷാമിഷൻ വെബ്സൈറ്റ്, ശ്രുതിതരംഗം പദ്ധതിയുടെ വെബ്സൈറ്റ്, സുരക്ഷാമിഷൻ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദഗ്ഘരും സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തിയിരിക്കണം.
- അപേക്ഷകൾ സാമൂഹ്യ സുരക്ഷാമിഷന്റെ തിരുവനന്തപുരത്തെ ഓഫീസിൽ സമർപ്പിക്കണം.

**ചികിത്സ ലഭിക്കുന്ന ആശുപത്രികൾ**

1. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. സാന്ത്വനം ഹോസ്പിറ്റൽ, തിരുവനന്തപുരം
3. കിംസ് ഹോസ്പിറ്റൽ
4. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്
5. മിംസ് ഹോസ്പിറ്റൽ കോഴിക്കോട്
6. ഡോ. മനോജ്, ഇ.എൻ.ടി ഹോസ്പിറ്റൽ കോഴിക്കോട്
7. ഡോ. നൗഷാദ് ഇ.എൻ.ടി ഹോസ്പിറ്റൽ എറണാകുളം
8. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി
9. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ, തൃശൂർ
10. അൽഷിഫാ ഹോസ്പിറ്റൽ പെരിന്തൽമണ്ണ

## 11. കാരുണ്യ ഡെപ്പോസിറ്റ് സ്കീം.

സ്പെഷൽ സ്കൂളുകളിലേയും മറ്റ് സ്ഥാപനങ്ങളിലേയും മാനസിക ശാരീരിക വൈകല്യമുള്ള കുട്ടികളുടെ വൈദ്യസഹായത്തിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഫണ്ട് സ്വരൂപിക്കുക, ഒരു ലക്ഷമോ അതിന്റെ ഗുണിതങ്ങളായ സംഖ്യയോ സന്നദ്ധരായ വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോശേഖരിച്ച് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ച് അതിന്റെ പലിശ ഗുണമുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, ഒരു വർഷത്തിനുശേഷം നിക്ഷേപതുക തിരിച്ചു നൽകുന്നു. പലിശയും മിഷന്റെ ഫണ്ടിൽ നിന്നും തത്തുല്യ തുകയും മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് നൽകുകയും ചെയ്യുന്നു.

**ഗുണഭോക്താക്കൾ**

- 5 മുതൽ 18 വയസ്സുവരെ പ്രായമുള്ള മാനസിക-ശാരിരിക വെല്ലുവിളി നേരിടുന്ന കുട്ടികൾ
- സ്കൂളുകളിൽ പോകുന്ന അനാഥാലയത്തിലും സ്പെഷൽ സ്കൂളുകളിലും പഠിക്കുന്ന കുട്ടി
- കേരള സർക്കാരോ ഇന്ത്യ ഗവൺമെന്റോ അംഗീകരിച്ച സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടി

  ഗുണഭോക്താവിനെ തെരഞ്ഞെടുക്കാൻ നിക്ഷേപകന് സ്വാതന്ത്ര്യമുണ്ട്.

**ധനസഹായം**

തുകയുടെ പലിശ കുട്ടികൾക്ക്, ശസ്ത്രക്രിയ, സ്പെഷൽ ഉപകരണങ്ങൾ, വൈദ്യസഹായം, ട്യൂഷൻ ഫീസ്, പോഷകാഹാരം, വസ്ത്രങ്ങൾ, കമ്പ്യൂട്ടർ എന്നിവയും നൽകുന്നു.

## 12. വ്യത്യസ്ത വൈകല്യമുള്ളവർക്ക് വൈകല്യ നിർണ്ണയ തിരിച്ചറിയൽ കാർഡും, സർട്ടിഫിക്കറ്റും നൽകുന്ന പദ്ധതി

സംസ്ഥാനത്തെ വൈകല്യം ബാധിച്ച മുഴുവൻ പേരേയും കണ്ടെത്തി അവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അടിസ്ഥാനമാർഗ്ഗരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചരിയൽകാർഡും നൽകുന്നതിനുള്ള പദ്ധതി

**ഗുണഭോക്താക്കൾ**

- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ഇല്ലാത്ത മാനസിക ശാരീരിക വൈകല്യം ബാധിച്ചവർ
- പുതുക്കേണ്ട ആളുകൾ

**അപേക്ഷിക്കേണ്ടവിധം**

- നിർദ്ദിഷ്ട അപേക്ഷാ ഫോറം സാമൂഹ്യ സുരക്ഷാമിഷന്റെ ഓഫീസ്, ഐ.സി.ഡി.എസ് ഓഫീസുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നു.
- പൂരിപ്പിച്ച അപേക്ഷകൾ ഐ.സി.ഡി.എസ് ഓഫീസുകളിൽ നൽകണം.

**പ്രവർത്തനങ്ങൾ**

- സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഒരു ഡോക്ടർ അദ്ധ്യക്ഷനായ 5 ഡോക്ടർമാർ എങ്കിലുമുള്ള ബോർഡ് പരിശോധിപ്പിക്കുന്നു.
- ബ്ലഡ് ഗ്രൂപ്പ് പരിശോധിക്കുന്നതിനായി ഒരു ലാബ് ടെക്നീഷ്യൻ, കണ്ണുപരിശോധനയ്ക്കായി ഒരു ഒപ്ടോമെട്രീഷ്യൻ, കേൾവി പരിശോധിക്കുന്നതിനായി ഒരു ഓഡിയോളജിസ്റ്റ് എന്നിവർ ഉണ്ടാകും.
- സി.ഡിറ്റിൽ നിന്നുമുള്ള വിദഗ്ധർ ലാമിനേറ്റു ചെയ്തു തിരിച്ചറിയൽ കാർഡും പാസ്ബുക്കും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും നൽകുന്നു.

## 13. എൻഡോസൾഫാൻ ബാധിതരുടെ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം

എൻഡസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളിലെ 1 മുതൽ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കായാണ് പദ്ധതി.

**ധനസഹായം**

1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് - 2000 രൂപ
8 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് - 3000 രൂപ
+1,+2 ക്ലാസ്സുകൾ - 4000 രൂപ

തുക ഒരു വർഷം ഒറ്റത്തവണയായി ലഭിക്കുന്നു.

## 14. ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ

**അർഹത**

40%ൽ കൂടുതൽ വികലാംഗത്വമുള്ള ബി.പി.എൽ കുടുംബത്തിൽപ്പെട്ട 18 നും 59 നും ഇടയിൽ പ്രായമുള്ള (60 വയസ്സ് കഴിഞ്ഞാൽ വാർദ്ധക്യകാല പെൻഷൻ സ്കീമിലേക്ക് മാറ്റണം. ഇതിന് പ്രത്യേക അപേക്ഷ

വേണ്ട)വർ, ഭിക്ഷാടനം നടത്തുന്നവർ, ശരണാലയങ്ങളിൽ കഴിയുന്നവർ, മറ്റ് പെൻഷനുകൾ ലഭിക്കുന്നവർ എന്നിവർ അർഹരല്ല.

| | |
|---|---|
| പെൻഷൻ തുക | – 700 രൂപ |
| 80 %ന് മുകളിൽ വികലാംഗത്വമുള്ളവർ | – 1000 രൂപ |

നിശ്ചിത ഫോറത്തിൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകണം. സ്ഥിരതാമസം, വയസ്സ്, വികലാംഗത്വം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കണം. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകണം. 30 ദിവസത്തിനകം ഭരണ സമിതി തീരുമാനമെടുക്കണം. അപേക്ഷ നിരസിച്ചാൽ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാം.

## 15 കാര്യകർതൃ ബീമായോജന

അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവർക്ക് വേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത ഇൻഷുറൻസ് പദ്ധതിയാണിത്. എൽ.ഐ.സി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 200 രൂപയാണ് പ്രീമിയം. ഇതിൽ 100 രൂപ എൽ ഐസിയുടെ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ നിന്ന് 100 രൂപ ഗവൺമെന്റ് ഓഫ് ഇന്ത്യയുമാണ് വഹിക്കുന്നത്. അംഗങ്ങൾക്ക് ക്രിട്ടിക്കൽ ഇൽനെസ്സിന്റെ കവറേജായി 20000 രൂപ ലഭിക്കുന്നതാണ്. എന്നാൽ ഈ ആനുകൂല്യത്തിന് വേണ്ടി അംഗങ്ങൾ വിഹിതം അടയ്ക്കുന്നത് 31.03.2011 വരെ ഒഴിവാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അപകടം മൂലമല്ലാത്ത മരണം സംഭവിച്ചാൽ 30,000 രൂപയും അപകടമരണമോ അപകടത്താൽ സ്ഥിരമായ വൈകല്യമോ സംഭിച്ചാൽ 75,000 രൂപയും അപകടംകൊണ്ട് ഭാഗികമായ അംഗവൈകല്യം സംഭിച്ചാൽ 37,500 രൂപയും ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ 9–ാം ക്ലാസ്സ് തൊട്ട് 12–ാം ക്ലാസ്സ് വരെയുള്ള അംഗങ്ങളുടെ കുട്ടികളുടെ പഠനത്തിന് ത്രൈമാസ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. കാൻസർ തുടങ്ങിയുള്ള മാരക രോഗങ്ങൾക്ക് 20,000 രൂപയും അനുവദിക്കുന്നതാണ്.

ഭിന്നശേഷിയുള്ള വ്യക്തികൾക്ക് എല്ലാ മേഖലയിൽ നിന്നും വ്യപകമായ തോതിലുള്ള സേവനങ്ങൾ അനിവാര്യമാണ്. ദേശീയനയത്തിന്റെയും ഭിന്നശേഷി അവകാശവേദികളുടെയും ആരോഗ്യ സാമൂഹിക രംഗത്തുണ്ടായ മുന്നേറ്റങ്ങളുടെയും ഫലമായി ഭിന്നശേഷി സേവനങ്ങൾ വികാസം പ്രാപിച്ചിട്ട് കുറച്ച് വർഷങ്ങളെ ആയിട്ടുള്ളു. ഈ സേവനങ്ങൾ ഉറപ്പാക്കപ്പെടണമെങ്കിൽ പ്രാദേശിക സർക്കാരുകളുടെ ആവശ്യമായ മാനസിക സാമൂഹിക ഇടപെടൽ സംവിധാനങ്ങൾ ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്.

# VI

# മാനസികവെല്ലുവിളികൾ നേരിടുന്നവരുടെ നിയമം

## – നാഷണൽ ട്രസ്റ്റ് ആക്ട് 1999

രക്ഷിതാക്കളുടെ കാലത്തിന് ശേഷം മാനസികവെല്ലുവിളികൾ നേരിടുന്ന വ്യക്തി ജീവിതവും സ്വത്തുക്കളും സുരക്ഷിതമാക്കുന്നതിന് ശ്രദ്ധേയമായ നിയമമാണ് നാഷണൽ ട്രസ്റ്റ് ആക്ട്. മാനസിക വെല്ലുവിളികൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതികവെല്ലുവിളികൾ (MR) ഓട്ടിസം, സെറിബ്രൽപാൾസി (മസ്തിഷ്ക തളർവാതം), മൾട്ടിപ്പിൾ ഡിസെബിലിറ്റി (ബഹുവൈകല്യം ) എന്നിവ ഉൾപ്പെടുന്നു. നിയമപരമായ രക്ഷാ കർത്തത്വം ഉറപ്പാക്കുന്ന രേഖ കോടതി വഴിയല്ലാതെ സാമൂഹിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഉറ പ്പാക്കാൻ കഴിയുന്നുവെന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത. കുട്ടികൾക്കും വ്യക്തികൾക്കും ലീഗൽ ഗാർഡിയൻഷിപ്പ് ഉറപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ലോക്കൽ ലെവൽ കമ്മിറ്റി (തദ്ദേശതല സമിതി) എന്ന അർദ്ധനായ കോടതി സംവിധാനം പ്രവർത്തിക്കുന്നു.

ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ രക്ഷാകർത്താവിന് അവർക്ക് ലഭിക്കാൻ അർഹതപ്പെട്ട സ്വത്തുക്കൾ അവർക്ക് വേണ്ടി കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമാക്കുന്നതിനുമുള്ള രക്ഷകർത്തൃത്വത്തിനായി നിയമപരമായ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് എൽ.എൽ.സി മുമ്പാകെ അപേക്ഷ നൽകേണ്ടതാണ്.

### ഓട്ടിസം

കുട്ടികളഉടെ പ്രകൃതിദത്തമായ വികസന പുരോഗതിയിൽ നിന്നും വ്യത്യസ്തമായി വ്യതിരക്തതവികാസ വെല്ലുവിളികൾ പ്രകടിപ്പിക്കുന്നതാണ് ഓട്ടിസം എന്ന അവസ്ഥ.

- പ്രധാനമായും ആവർത്തന സ്വഭാവങ്ങൾ പ്രകടമാകുന്നു.
- ആശയവിനിമയ വൈമുഖ്യം, വ്യക്തികൾക്കും സാഹചര്യങ്ങൾക്കും അനുസൃതമല്ലാത്ത പെരുമാറ്റ ങ്ങൾ എന്നിവയാണ് പ്രകടമായ സവിശേഷതകൾ. ഈ സവിശേഷതകൾ മനോനിലക്ക് (mood) അനുസരിച്ച് മാറി കൊണ്ടിരിക്കും എന്നത് കൊണ്ട് നിയതമായ പെരുമാറ്റശൈലി പ്രതീക്ഷിക്കാതെ വരുന്നു. ഇത്തരം കുട്ടികളിൽ ചിലർക്ക് ബുദ്ധിപരമായ വെല്ലുവിളികളും കാണാറുണ്ട്.

### പ്രശ്നങ്ങൾ

- പൊതുവിദ്യാലയങ്ങളിൽ ഒറ്റപ്പെടുക
- അനുയോജ്യമായ പ്രത്യേക പഠനസംവിധാനത്തിന്റെ അഭാവം
- പ്രകടമായ വൈകല്യങ്ങൾ ഇല്ലാത്തത് മൂലം തെറ്റിദ്ധരിക്കപ്പെടുക എന്നതെല്ലാം ഇവർ നേരിടുന്ന പ്രശ്നങ്ങൾ ആണ്.

## സെറിബ്രൽ പാൾസി

മസ്തിഷക തളർവാതം ജനനത്തോട് അനുബന്ധിച്ച് തലച്ചോറിനുണ്ടാകുന്ന പ്രശ്നങ്ങൾ മൂലം മസ്തിഷക ത്തിന്റെ ഒരു ഭാഗത്ത് സംഭവിക്കുന്ന തളർവാതത്തിന്റെ ഫലമായി പേശികളുടെ ചലനങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുള്ള പോരായ്മയിൽ നിന്ന് ഉടലെടുക്കുന്ന വൈകല്യമാണ് സെറിബ്രൽ പാൾസി.

- പേശികൾ വലിഞ്ഞുമുറുകിയ തരത്തിലുള്ള ചലനങ്ങളും സൂക്ഷ്മപേശി ചലനങ്ങൾ അസാധ്യമാകു ന്നതാണ് ഈ അവസ്ഥ- Spastic cerebral Palsy

- ശരീരപേശികൾക്ക് ദൃഢത നഷ്ടപ്പെട്ടതും ശാരീരിക തുലനാവസ്ഥ കൂടാതെ വീണ് പോകുന്ന അവ സ്ഥയാണ് -അതിറ്റോയിട് സെറിബ്രൽ പാൾസി

**പ്രശ്നങ്ങൾ**

- പൊതുവെ വിദ്യാഭ്യാസം നേടുവാനും, കമ്പ്യൂട്ടർ പരിജ്ഞാനം സായത്തമാക്കുവാനും ഇവർക്ക് കഴിയുമെങ്കിലും അവരുടെ ശാരീരിക അവസ്ഥകൾക്ക് അനുസരിച്ച് അനുയോജ്യമായ ഇരിപ്പിട ങ്ങൾ, കൈത്താങ്ങുകൾ ശുചിത്വസംവിധാനങ്ങൾ തുടങ്ങി അനുയോജ്യമായ സഹായികളുടെ അഭാവം

## ബഹുവൈകല്യം

ഒന്നിൽ കൂടുതൽ വൈകല്യമുള്ള അവസ്ഥ. ബുദ്ധിപരമായ വെല്ലുവിളിയോടൊപ്പം മറ്റൊരു വൈകല്യം കുട്ടി ക്കുള്ള അവസ്ഥ. പലപ്പോഴും പരസഹായം കൂടാതെ ദൈനംദിന ജീവിതപ്രവർത്തനങ്ങൾ പോലും ചെയ്യാൻ സാധിക്കാത്ത അവസ്ഥ.

ഉദാ: ബുദ്ധിമാന്ദ്യവും -കാഴ്ച്ചവൈകല്യവും
ബുദ്ധിമാന്ദ്യവും - കേൾവിവൈകല്യവും
ബുദ്ധിമാന്ദ്യവും - ചലനവൈകല്യവും

## ബുദ്ധിമാന്ദ്യം

ബുദ്ധിപരമായ കുറവ് മൂലം തലച്ചോറിന്റെ യുക്തിപരമായ രീതിയിലും അനുബന്ധപരമായ രീതിയിലും ഇട പെടാനുള്ള പരിമിതി

- മറ്റുള്ളവരെ പോലെ വേഗത്തിൽ കാര്യങ്ങളെ ഗ്രഹിക്കുവാനും പുതിയ കാര്യങ്ങൾ പഠിച്ച് എടുക്കു വാനും ഉള്ള പരിമിതി
- കാര്യകാരണ സഹിതം വസ്തുക്കൾ തിരിച്ചറിയാനുള്ള കഴിവ് കുറവാണ്
- ചിന്തകളും ആഗ്രഹങ്ങളും മറ്റുള്ളവർക്ക് മനസ്സിലാകുന്ന വിധത്തിൽ പ്രകടിപ്പിക്കാൻ കഴിയുന്നില്ല.

## ജീവിതനിലവാരം മെച്ചപ്പെടുത്തൽ– ജീവിതചക്രസമീപനം

<u>മുഖ്യധാരയിലേക്കുള്ള പ്രധാന മാർഗ്ഗങ്ങൾ</u>

1. **ആരോഗ്യം**

- ഗർഭിണികളുടെ പരിരക്ഷ
- ജനറൽ കൗൺസിലിംഗ്/ജനിതകവൈകല്യനിർണ്ണയം
- പോഷകാഹാരം-കുട്ടികളുടെ പ്രഥമസഹസ്രദിനങ്ങൾ
- രോഗപ്രതിരോധം, ശുദ്ധമായ കുടിവെള്ളം
- ആരോഗ്യസംരക്ഷണം
- പാലിയേറ്റീവ് കെയർ
- കൗൺസിലിംഗ്

2. **വിദ്യാഭ്യാസം/സംസ്ക്കാരം**

- കലാ/കായിക ക്ഷമത വർദ്ധിപ്പിക്കൽ
- തുല്യതാപരീക്ഷകൾ
- പരിഹാരബോധനം
- ഹോം ബേസ്ഡ് വിദ്യാഭ്യാസം
- സ്കോളർഷിപ്പ്, സ്റ്റൗപ്പെൻഡ്, ബത്ത
- ബഡ്സ് സ്ക്കൂൾ
- ബി.ആർ.സി (ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ)
- സകലിത വിദ്യാഭ്യാസം

3. **തൊഴിൽ**

- ചെറുകിട സൂക്ഷ്മസംരംഭങ്ങൾ
- പുനരധിവാസം
- ഉപകരണങ്ങൾ
- പരിശീലനം
- തൊഴിൽ നൽകൽ

4. **സുസ്ഥിരവികസനം**

- പശ്ചാത്തലസൗകര്യങ്ങൾ, മെച്ചപ്പെടുത്തൽ
- സൗഹൃദസമീപനം
- സാമൂഹ്യബോധവത്ക്കരണം
- തുടർപ്രവർത്തനങ്ങൾ, ദീർഘകാല പദ്ധതികൾ
- അംഗീകാരങ്ങൾ, അവാർഡുകൾ

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടൽ സാധ്യതകൾ (2016-17)

- ഭരണസമിതി തീരുമാനം
- നിലവിലുള്ള പദ്ധതികൾ അവലോകനം
- വിവരശേഖരണം , അവസ്ഥാവിശകലനം
- പ്രത്യേക ഗ്രാമസഭ- ആവശ്യകതാനിർണ്ണയം
- സ്റ്റേക്ക് ഹോൾഡർമാരുടെ യോഗം
- പഞ്ചായത്ത്തല വികസന സമിതി -മുൻഗണനാ നിർദ്ദേശങ്ങൾ, പുനരധിവാസ പദ്ധതി തയ്യാറാക്കൽ
- പൊതു- സ്വകാര്യ -സന്നദ്ധസംഘടനകളുടെ പങ്കാളിത്തം
- ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടെ സംയോജന സാദ്ധ്യതകൾ
- സമഗ്ര പ്രോജക്ട് -ഭരണസമിതി അംഗീകാരം
- നിർവ്വഹണം , മോണിറ്ററിംഗ്